03
2025
ജൂൺ
ചൊവ്വ
ഇടവം 20

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.154 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-154 പേജ് 4. വില 2.00 രൂപ




02 കാർഷിക രംഗത്ത് കുടുംബശ്രീക്ക് ആധുനികതയുടെ മുഖം

03 അണ്ണാ സർവകലാശാല പീഡനക്കേസ്; പ്രതിക്ക് 30 വർഷം തടവ് ശിക്ഷ

04 നോർവെ ചെസ്സ് 2025; കാൾസനെ വീഴ്ത്തി ഇന്ത്യയുടെ ഗുകേഷ്

# അനാഥമായി കണ്ടെയ്നറുകൾ



വിഴിഞ്ഞം: കപ്പൽ അപകടത്തെ തുടർന്ന് കരയിൽ അടിഞ്ഞ ചാക്കുകെട്ടുകളും കണ്ടെയ്നറുകളെയും മാറ്റാൻ ആളില്ല. ആദ്യ ദിവസങ്ങളിൽ ഉണ്ടായ ആവേശം കെട്ടടങ്ങിയ മട്ടായി.

കരിംകുളം കല്ലുമുക്കിൽ കയർ കൊണ്ട് ബന്ധിച്ച് നിർത്തിയിരിക്കുന്ന പൊട്ടാത്ത കണ്ടെയ്നർ തിരയടി ശക്തമായാൽ കയർ പൊട്ടി കടലിലേക്ക് ഒഴുകാൻ സാധ്യതയുണ്ടെന്ന് അധികൃതർ പറയുന്നു.

കോവളം മുതൽ പൂവാർ വരെയുള്ള തീരങ്ങളിലായി പ്ലാസ്റ്റിക് നിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ നിറച്ച ആയിരത്തോളം ചാക്കുകളാണ് വിവിധ സ്ഥലങ്ങളിൽ അടുക്കിവച്ചിട്ടുള്ളത്. കൊച്ചിയിലെ ഒരു സ്വകാര്യ ഏജൻസിക്കാണ് ഇവ നീക്കം ചെയ്യുന്നതിനുള്ള അധികാരം.

കണ്ടെയ്നറുകളും ചാക്കുകെട്ടുകളും തീരത്തടിഞ്ഞ ദിവസം പാഞ്ഞെത്തി നടപടികൾ സ്വീകരിച്ച് മടങ്ങിയവരെ പിന്നെ കണ്ടില്ലെന്നാണ് നാട്ടുകാർ പറയുന്നത്.

പൂവാർ പൊഴിക്കരയിൽ എത്തിയ കണ്ടെയ്നറിൽ നിന്ന് അഞ്ഞൂറോളം ചാക്കുകെട്ടുകളാണ് കടലിൽ ഒഴുകിയത്. സന്നദ്ധ പ്രവർത്തകരും പോലീസും ചേർന്ന് കരയിൽ കയറ്റി അടുക്കി വച്ചെങ്കിലും എടുത്ത് മാറ്റൽ മാത്രം നടന്നില്ല.

കല്ലു മുക്കിൽ അടിഞ്ഞത് പൊട്ടാത്ത കണ്ടെയ്നർ ആയിരുന്നു. മുന്നറിയിപ്പുണ്ടായിരുന്നതിനാൽ നാട്ടുകാർ അടുത്തില്ല. പോലീസിന്റെ സഹായത്തോടെ ഏജൻസി ജീവനക്കാർ എത്തി കയറിൽ ബന്ധിച്ച് നിർത്തി. കസ്റ്റംസ് അധികൃതരുടെ ലിസ്റ്റിൽ അപകടകരമല്ലെന്ന് കണ്ടതോടെ കാര്യങ്ങൾ വീണ്ടും മന്ദഗതിയിലായി. കടൽക്കരയിൽ അനാഥമായിക്കിടക്കുന്ന കണ്ടെയ്നർ കള്ളമാർ തകർക്കാതിരിക്കാൻ പൂവാർ തീരദേശ പോലീസും കാഞ്ഞിരംകുളം പോലീസും പട്രോളിംഗ് ശക്തമാക്കിയിരിക്കുകയാണ്.

ഉടൻ മാറ്റുമെന്ന മറുപടി മാത്രമാണ് നിലവിൽ ഏജൻസി അധികൃതർ നൽകിയതെന്ന് പോലീസ് പറയുന്നു. കൂടാത കോവളം ബീച്ച്, അടിമലത്തുറ, പുല്ലുവിള എന്നിവിടങ്ങളിലും അടിഞ്ഞ നൂറ് കണക്കിന് ചാക്കുകെട്ടുകൾ അനാഥമായി കിടക്കുകയാണ്. കാക്കയും തെരുവ്നായ്ക്കളും ചാക്കുകളെ കടിച്ച് കീറാൻ തുടങ്ങിയതായും നാട്ടുകാർ പറയുന്നു.

ഇവ വീണ്ടും കടലിൽ കലർന്നാൽ പാരിസ്ഥിതിക പ്രശ്നമുണ്ടാകുമെന്നും മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുമെന്നും മത്സ്യത്തൊഴിലാളികൾ പറയുന്നു. കോവളത്ത് ശനിയാഴ്ച അടിഞ്ഞ് കയറിയ കണ്ടെയ്നറിന്റെ ഒരു ഭാഗത്തെ അധികൃതർ എത്തി കൊണ്ടുപോയി. കഴിഞ്ഞ ദിവസവും തീരത്ത് ചാക്കുകെട്ടുകൾ അടിഞ്ഞ് കയറിയിരുന്നു.

# കെറെയിലിനായി വീണ്ടും കേരളം; കേന്ദ്ര റെയിൽവെ മന്ത്രിയുമായി മുഖ്യമന്ത്രിയുടെ കൂടിക്കാഴ്ച

തിരുവനന്തപുരം: കെറെയിലിനായി വീണ്ടും കേരളത്തിന്റെ ശ്രമം. സെമി ഹൈസ്പീഡ് പദ്ധതിക്ക് അനുമതി തേടി കേരളം കേന്ദ്രത്തെ സമീപിക്കും. ഇതുമായി ബന്ധപ്പെട്ട് ചൊവ്വാഴ്ച റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവുമായി മുഖ്യമന്ത്രി പിണറായി വിജയൻ കൂടിക്കാഴ്ച നടത്തും. ഉച്ചയ്ക്ക് 12.30 നാണ് കൂടിക്കാഴ്ച. പദ്ധതി വീണ്ടും ആവശ്യപ്പെടാനാണ് കേരളസർക്കാരിന്റെ നീക്കം.

കേന്ദ്രത്തിന്റെ അനുമതി ലഭിച്ചാൽ മാത്രമേ സിൽവർ ലൈൻ പദ്ധതിയുമായി കേരളത്തിന് മുന്നോട്ടുപോകാനാകുകയുള്ളൂ. അതേസമയം ഇതുമായി മുന്നോട്ടുപോകുന്നതിന് നിരവധി പ്രശ്നങ്ങൾ തടസ്സമായി നിന്നിരുന്നു. എന്നാൽ അതിന് പകരം വന്ന മെട്രോമാൻ ഇ. ശ്രീധരന്റെ ബദൽ പദ്ധതി മുന്നിൽവെച്ച് കേന്ദ്രവുമായി ചർച്ച നടത്താനായിരിക്കും കേരളം ശ്രമിക്കുക.

ഇശ്രീധരൻ മുന്നോട്ടുവെച്ച ഈ പദ്ധതിയിൽ കേന്ദ്രത്തിന്റെ നിലപാട് നിർണായകമായിരിക്കും. സമവായത്തിലെത്താനായാൽ പദ്ധതിയുമായി മുന്നോട്ടുപോകാനാകും. മറിച്ചായാൽ പദ്ധതി ഇല്ലാതാകുന്ന സ്ഥിതിയുമുണ്ടാകും. അതേസമയം ദേശീയപാത തകർന്ന വിഷയത്തിൽ നിതിൻ ഗഡ്കരിയുമായി മുഖ്യമന്ത്രി ബുധനാഴ്ച കൂടിക്കാഴ്ച നടത്തും.

# കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രോത്സാഹന അവാർഡ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത്

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (മത്സ്യബോർഡ്) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെയും മത്സ്യമേഖലയിലെ അനുബന്ധത്തൊഴിലാളികളുടെയും കുട്ടികൾക്കുള്ള 2025 വർഷത്തെ വിദ്യാഭ്യാസ കായിക പ്രോത്സാഹന അവാർഡ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ നാലിന് രാവിലെ 11.30ന് തിരുവനന്തപുരം കണ്ണാന്തുറ സെന്റ് പീറ്റേഴ്സ് കമ്മ്യൂണിറ്റി ഹാളിൽ നടക്കും. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പൊതു വിദ്യാഭ്യാസ - തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം നിർവഹിക്കും.

2024-25 അധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി, ടി.എച്ച്.എസ്.എൽ.സി, പ്ലസ്ടു, വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സുകൾക്ക് ഉന്നത വിജയം നേടിയ തിരുവനന്തപുരം ജില്ലയിലെ അർഹരായ വിദ്യാർത്ഥികൾക്കും കായിക മത്സരങ്ങളിൽ ദേശീയതലത്തിലും സംസ്ഥാനതലത്തിലും ശ്രദ്ധേയമായ വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കും ക്യാഷ് അവാർഡും മൊമന്റോയും നൽകും.

ഡോ. ശശി തരൂർ എം.പി., എം.എൽ.എമാരായ അഡ്വ. ആന്റണി രാജു, പി.പി. ചിത്തരഞ്ജൻ എന്നിവർ മുഖ്യാതിഥികളാകും. ജില്ല പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, ജനപ്രതിനിധികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ തുടങ്ങിയവരും പരിപാടിയിൽ പങ്കെടുക്കും.

# മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കണമെന്ന് സംഘടനകൾ

തിരുവനന്തപുരം: കപ്പൽ അപകടം മൂലം ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്കു സംസ്ഥാന സർക്കാർ സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കണമെന്ന് സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡൻറ് പി സ്റ്റെല്ലസും ഫെഡറേഷൻ യൂത്ത് ജില്ലാ പ്രസിഡൻറ് വിഴിഞ്ഞം പനയടിമ ജോണും സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.

അറബിക്കടലിലെ കപ്പൽ അപകടം സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ച സർക്കാർ പാരിസ്ഥിതിക സാമൂഹിക അഘാതം കണക്കിലെടുത്ത് ദുരന്തം നിവാരണ അഥോറിറ്റി നിയമമനുസരിച്ച് ഫണ്ട് അനുവദിച്ച് മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ഉൾപ്പെടെയുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകണം. ഏതാനും ജില്ലകളിലെ മത്സ്യത്തൊഴിലാളി കുടുംബത്തിന് 1000 രൂപയും ആറു കിലോ റേഷനരിയും നൽകുന്നതിൽ ഇത് ഒതുക്കാനാകില്ല.

അടുത്തകാലത്തുണ്ടായതിൽ വലിയ ദുരന്തമാണ് കപ്പലപകടം. മത്സ്യ സന്പത്തിനും കടലിലെ ആവാസ വ്യവസ്ഥയ്ക്കും മത്സ്യ തൊഴിലാളികൾക്കും മേഖലയുമായി ബന്ധപ്പെട്ട മുഴുവൻ പേർക്കുമുണ്ടായ നഷ്ടത്തെ നിസാരവൽക്കരിച്ച് കാണരുതെന്നും അവർ ആവശ്യപ്പെട്ടു.

# മത്സ്യത്തൊഴിലാളികൾ സുരക്ഷിതരായി തീരമണഞ്ഞു

വിഴിഞ്ഞം: രണ്ടു രാവും പകലും നീണ്ടുനിന്ന വിഴിഞ്ഞം തീരത്തിന്റെ ആശങ്കയ്ക്ക് വിരാമമായി. വിഴിഞ്ഞം തുറമുഖത്ത് നിന്ന് പുറപ്പെട്ട മൂന്ന് ബോട്ടുകളിലെ മത്സ്യ ത്തൊഴിലാളികളും സുരക്ഷിതരായി തീരമണഞ്ഞു. കാണാതായ ഒരാൾക്കായുള്ള തെരച്ചിൽ തുടരുന്നു.

വിഴിഞ്ഞം സ്വദേശിയായ റോബിൻസന്റെ! ഉടമസ്ഥതയിലുള്ള സഹായമാതയും കടലമ്മയും ലാസറിന്റെ ഉടമസ്ഥതയിലുള്ള ഫാത്തിമ മാതാ എന്നീ ബോട്ടിലെ തൊഴിലാളികളാണ് ഇന്നലെ വൈകുന്നേരത്തോടെ തീരമണഞ്ഞത്.

രണ്ട് വള്ളത്തിലുള്ളവരെ തമിഴ്നാട്ടുകാർ കരയ്ക്കെത്തിച്ചപ്പോൾ ഒരെണ്ണത്തിന് രക്ഷകരായത് വിഴിഞ്ഞം മറൈൻ എൻഫോഴ്സ്മെൻറായിരുന്നു. വ്യാഴാഴ്ച വൈകുന്നേരം വിഴിഞ്ഞം തുറമുഖത്ത് നിന്ന് പുറപ്പെട്ട സംഘത്തെക്കുറിച്ച് വെള്ളിയാഴ്ച വരെയും പുറം ലോകത്തിന് യാതൊരു അറിവും ഇല്ലായിരുന്നു. ഇവരുമായി ബന്ധപ്പെടാനുള്ള ബന്ധുക്കളുടെയും അധികൃതരുടെയും ശ്രമങ്ങൾ പാഴായ തോടെ ആശങ്ക വർധിച്ചു. തീരദേശ പോലീസും മറൈൻ എൻഫോഴ്സ്മെൻറും തീര സംരക്ഷണ സേനയും അദാനിയുടെ ടഗ്ഗും വെള്ളിയാഴ്ച വൈകുന്നേരം വരെ നടത്തിയ തെരച്ചിലും വിഫലമായി.

പ്രക്ഷുബ്ദമായ കടലിലെ തെരച്ചിൽ ദുഷ്കരമായതോടെ രാത്രിയിൽ അന്വേഷണം നിർത്തിവച്ചു. ഇതിനിടയിൽ രാത്രിയിൽ തമിഴ്നാട്ടിൽ നിന്ന് ആദ്യത്തെ ആശ്വാസ സന്ദേശമെത്തി. വിഴിഞ്ഞം സ്വദേശിയായ റോബിൻസന്റെ ഉടമസ്ഥതയിലുള്ള കടലമ്മ എന്ന വള്ളത്തിലെ ജോബ്, വിൻസൺ, ശേഖർ, അലോഷ്യസ് എന്നിവർ സുരക്ഷിതമായി കുളച്ചൽ തീരത്തണഞ്ഞ വാർത്ത പ്രതീക്ഷയ്ക്ക് വക നൽകി. ഉൾക്കടലിൽ നിയന്ത്രണം തെറ്റിയലഞ്ഞ ബോട്ടിലുണ്ടായിരുന്നവരെ തമിഴ്നാട് വള്ളക്കാർ രക്ഷപ്പെടുത്തുകയായിരുന്നു.

എന്നാൽ മറ്റ് രണ്ട് വള്ളക്കാരെക്കുറിച്ച് ഇന്നലെ രാവിലെവരെയും യാതൊരറിവുമില്ലാതായി. കോസ്റ്റ് ഗാർഡും വിഴിഞ്ഞത്തെ സേനാ വിഭാഗങ്ങളും രാവിലെ മുതൽതിരച്ചിലിനിറങ്ങി. നേവിയുടെയും കോസ്റ്റ് ഗാർഡിന്റെയും വിമാനങ്ങളുടെ സഹായവും അധികൃതർ തേടി. ഇതിനിടയിൽ രാവിലെ പത്തരയോടെ രണ്ടാമത്തെ ശുഭവാർത്തയെത്തി. എൻജിൻ തകരാറിലായി ഉൾക്കടലിൽ അലഞ്ഞ റോബിൻസന്റെ സഹായമാതാ ബോട്ടിലുള്ളവരുടെ സഹായത്തിനായുള്ള വിളി വന്നു.

ഫിഷറീസ് വകുപ്പിന്റെ രക്ഷാബോട്ട് കടലിലേക്ക് കുതിച്ചു. വിഴിഞ്ഞം സ്വദേശികളായ റോബിൻസൺ, യേശുദാസൻ, ദാസൻ, ഡേവിഡ്സൺ എന്നിവരെ കണ്ടെത്തി. ഏറെ അവശരായ സംഘത്തെ വൈകുന്നേരം നാലോടെ വിഴിഞ്ഞം തുറമുഖത്ത് എത്തിച്ചു.

ഇവരെ പരിരക്ഷിക്കാൻ മെഡിക്കൽ സംഘം ഉൾപ്പെടെയുള്ളവർ തയാറെടുത്ത് നിന്നിരുന്നു. തുടർന്ന് ആംബുലൻസിൽ ഇവരെ വിഴിഞ്ഞം സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

വിഴിഞ്ഞത്ത് നിന്നും 35 നോട്ടിക്കൽ മൈൽ അകലെ ശക്തമായ കാറ്റിലും മഴയിലും എൻജിൻ തകരാറായത് തുടർന്നാണ് തൊഴിലാളികൾ കടലിൽ കുടുങ്ങിയത്.

ഫിഷറീസ് അസി. ഡയറക്ടർ രാജേഷിന്റെ നേതൃത്വത്തിൽ വിഴിഞ്ഞം ഹാർബറിൽ നിന്ന് മറൈൻ റെസ്ക്യൂ യൂണിറ്റ് എന്ന റെസ്ക്യൂ യാനത്തിൽ മറൈൻ എൻഫോഴ്സ്മെൻറ് റെസ്ക്യൂ ലൈഫ് ഗാർഡ്മാരായ ജോർജ്, ബാനൻഷിയാസ്, യൂജിൻ എന്നിവർ ചേർന്നാണ് ഡേവിഡ്സൺ, റോബിൻസൺ, ദാസൻ, യേശുദാസൻ എന്നി മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തി കരയിൽ എത്തിച്ചത്.

ഇതിനിടയിൽ തന്നെ അടുത്ത സന്തോഷവാർത്തയും വിഴിഞ്ഞത്തു കാരെ തേടിയെത്തി. ലാസറിന്റെ ഉടമസ്ഥതയിലുള്ള ഫാത്തിമ മാതാ എന്ന വള്ളത്തിലുള്ള പൊഴിയൂർ സ്വദേശികളായ ജോസഫ്, മത്യാസ്, പരുത്തിയൂർ സ്വദേശി മുത്തപ്പൻ, വിഴിഞ്ഞം സ്വദേശി ജോണി എന്നിവരെ തമിഴ്നാട് ബോട്ട് രക്ഷപ്പെടുത്തിയ വാർത്ത തീരത്ത് ആഹ്ലാദത്തിന് വഴിതെളിച്ചു.

ശക്തമായ കടൽക്ഷോഭത്തിൽ തകർന്ന ബോട്ടിൽ പിടിച്ച് കിടന്നവരെയാണ് രക്ഷപ്പെടുത്തിയത്. ഇവരെ നാട്ടിൽ എത്തിക്കാൻ ബന്ധുക്കൾ തമിഴ്നാട്ടിലേക്ക് തിരിച്ചു.

# കൊല്ലത്ത് നാലര വയസുകാരി ഓടയിൽവീണ് മരിച്ചു

കൊല്ലം: ചവറയിൽ അപ്പൂപ്പന്റെ വീട്ടിൽ അവധിക്കാലം ആഘോഷിക്കാൻ വന്ന നാലര വയസുകാരി വീടിനു സമീപത്തെ ഓടയിലെ ഒഴുക്കിൽപ്പെട്ട് മരിച്ചു. കൊട്ടാരക്കര പള്ളിക്കൽ പാലവിളയിൽവീട്ടിൽ അനീഷിന്റെയും രശ്മിയുടെയും മകൾ അക്ഷിക(കല്യാണി) ആണ് മരിച്ചത്. ഞായറാഴ്ച വൈകീട്ട് വീടിനു സമീപത്തെ ഓടയുടെ സ്ലാബിൽക്കൂടി കൂട്ടുകാരുമൊത്ത് സൈക്കിൾ ഉരുട്ടിവരുന്നതിനിടെയാണ് അപകടം. സ്ലാബില്ലാത്ത ഭാഗത്തുവെച്ച് കാൽവഴുതി ഓടയിലേക്ക് വീണ കുട്ടി ഒഴുകിപ്പോകുകയായിരുന്നു.

നാട്ടുകാർ ചേർന്ന് ഉടനെ തെരച്ചിൽ നടത്തിയെങ്കിലും മൂന്നൂറുമീറ്റർ അകലെ കുട്ടിയെ അബോധാവസ്ഥയിൽ കണ്ടെത്തുകയായിരുന്നു. ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

പള്ളിക്കൽ എൻഎസ്എസ് എൽപിഎസിൽ എൽകെജിയിൽ പ്രവേശനം ലഭിച്ച അക്ഷിക, ഇന്ന് ആദ്യമായി സ്കൂളിൽ പോകാനിരിക്കെയാണ് ദുരന്തം. അപ്പൂപ്പന്റെയും അമ്മൂമ്മയുടെയും അടുത്ത് ഒന്നരമാസം മുന്പാണ് അക്ഷിക എത്തിയത്.



# നൂതന സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നതിലൂടെ കാർഷിക രംഗത്ത് കുടുംബശ്രീക്ക് ആധുനികതയുടെ മുഖം

### തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി എം.ബി രാജേഷ്. കുടുംബശ്രീ ടെക്നോളജി അഡ്വാൻസ്മെന്റ് പ്രോഗ്രാ(കെ-ടാപ്)മിന് സംസ്ഥാനത്തു തുടക്കം

കാക്കനാട്: കുടുംബശ്രീ ടെക്നോളജി അഡ്വാൻസ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി നൂതന സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നതിലൂടെ കാർഷികമേഖലയിൽ കുടുംബശ്രീ ആധുനികതയുടെ മുഖം കൈവരിക്കുമെന്ന് തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി എം.ബി രാജേഷ്.

കാക്കനാട് ജെയിൻ കൽപിത സർവകലാശാലയിൽ സംഘടിപ്പിച്ച ടെക്നോളജി കോൺക്ളേവിൽ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും കുടുംബശ്രീയുമായി കരാറിലേർപ്പെട്ട സ്ഥാപനങ്ങളുമായുള്ള സാങ്കേതികവിദ്യകളുടെയും ധാരണാപത്രങ്ങളുടെയും കൈമാറ്റവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

കുടുംബശ്രീ നടപ്പാക്കുന്ന കുടുംബശ്രീ ടെക്നോളജി അഡ്വാൻസ്മെന്റ് പ്രോഗ്രാം(കെ-ടാപ്) കാർഷിക ഉപജീവന പ്രവർത്തനങ്ങളെ പുതിയ തലത്തിലേക്കുയർത്തും. വനിതാ സംരംഭകർക്ക് വരുമാന വർധനവ് ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇതിനു വേണ്ടിയാണ് 184 സാങ്കേതികവിദ്യകൾ വാങ്ങുന്നത്. പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിലൂടെ സംരംഭങ്ങളുടെ ആധുനികവൽക്കരണത്തിനും വൈവിധ്യവൽക്കരണത്തിനും അവസരമൊരുങ്ങും. ഉൽപന്നങ്ങൾക്ക് ഗുണപരമായ മാറ്റം കൈവരിക്കാനും ഇത് സഹായകമാകും.

കുടുംബശ്രീയുടെ ബ്രാൻഡ് ചെയ്ത ഉൽപന്നങ്ങൾ ഇന്ന് എവിടെയിരുന്നും ലഭ്യമാകുന്ന വിധം ഓൺലൈൻ വ്യാപാര മേഖലയിലും കുടുംബശ്രീ സജീവമായി കഴിഞ്ഞു. കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷത്തെ പ്രവർത്തനങ്ങളിലൂടെ ദാരിദ്ര്യനിർമാർജനം എന്ന ദൗത്യം വിജയകരമായി നിർവഹിക്കാൻ കുടുംബശ്രീക്കായിട്ടുണ്ട്.

കുടുംബശ്രീ സർവേ മുഖേന കണ്ടെത്തിയ 64006 അതിദരിദ്ര കുടുംബങ്ങളിൽ 90 ശതമാനം കുടുംബങ്ങളെയും ദാരിദ്ര്യത്തിൽ നിന്നും മോചിപ്പിച്ചിട്ടുണ്ട്. 2025 നവംബർ ഒന്നിന് അതിദരിദ്രരില്ലാത്ത രാജ്യത്തെ ആദ്യത്തെ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുമെന്നും മന്ത്രി പറഞ്ഞു. ടെക്നോളജി കോൺക്ളേവിനോടനുബന്ധിച്ച് കുടുംബശ്രീ എറണാകുളം ജില്ലാ മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കാർഷിക മൂല്യവർധിത ഉൽപന്നങ്ങളുടെ പ്രദർശന സ്റ്റാളുകളും മന്ത്രി സന്ദർശിച്ചു.കുടുംബശ്രീയും ഐ.സി.എ.ആർ-കേന്ദ്ര കിഴങ്ങുവിള ഗവേഷണ സ്ഥാപനം ഡയറക്ടർ ഡോ.ജി ബിജു, ഐ.സി.എ.ആർ-കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം ഡയറക്ടർ ഡോ.കെ.ബി ഹെബ്ബാർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എൻട്രപ്രണർഷിപ്പ് ആൻഡ് മാനേജ്മെന്റ് ഡീൻ ഡോ. വെങ്കിടാചലപതി, സി.എസ്.ഐ.ആർ-കേന്ദ്ര ഭക്ഷ്യ സാങ്കേതിക ഗവേഷണ സ്ഥാപനം ടെക്നോളജി ട്രാൻസ്ഫർ മേധാവി ഡോ. അശിതോഷ് എ. ഇനാന്ദർ, സി.എസ്.എ.ആർ-നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ളിനറി സയൻസ് ആൻഡ് ടെക്നോളജി(നിസ്റ്റ്) ചീഫ് സയന്റിസ്റ്റ് ഡോ.നിഷി, കേരള കാർഷിക സർവകലാശാല റിസർച്ച് ഡയറക്ടർ ഡോ.കെ.ആർ. അനിത് എന്നിവർ ധാരണാ പത്രം കൈമാറി.



മന്ത്രി എം.ബി രാജേഷ് കെ-ടാപ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുന്നു

പദ്ധതിയുടെ ഭാഗമായി പരിശീലനവും പിന്തുണയും നൽകുന്നതിന് എം.എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ, മഹാത്മാ ഗാന്ധി സർവകലാശാല, ലീഡ് കോളേജ് ഓഫ് മാനേജ്മെന്റ്, ജെയിൻ കൽപ്പിത സർവകലാശാല, സെന്റ് ഗിറ്റ്സ് കോളേജ് ഓഫ് എൻജിനീയറിങ്, കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ആൻഡ് ഡെവലപ്മെന്റ്, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളുമായും കുടുംബശ്രീ ധാരണാപത്രം കൈമാറി.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച്. ദിനേശൻ സ്വാഗതം പറഞ്ഞു. തൃക്കാക്കര നഗരസഭാധ്യക്ഷ രാധാമണിപിള്ള അധ്യക്ഷത വഹിച്ചു കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ഡോ. എസ് ഷാനവാസ് പദ്ധതി വിശദീകരിച്ചു. സംസ്ഥാന ആസൂത്രണ ബോർഡ് കാർഷിക വിഭാഗം മേധാവി എസ്.നാഗേഷ്, ജെയിൻ കൽപ്പിത സർവകലാശാല ഡയറക്ടർ(ന്യൂ ഇനിഷ്യേറ്റീവ്) ഡോ.ടോം ജോസഫ്, ഫ്യൂച്ചർകേരള മിഷൻ അധ്യക്ഷനും ജെയിൻ കൽപ്പിത സർവകലാശാല പ്രിൻസിപ്പൽ അഡ്വൈസറുമായ പ്രൊഫ. വേണു രാജമണി, ജെയിൻ കൽപ്പിത സർവകലാശാല പ്രോ വൈസ് ചാൻസലർ ഡോ.ജെ ലത, നഗരസഭാ വാർഡ് കൗൺസിലർ അബു ഷാന എന്നിവർ ആശംസിച്ചു. കുടുംബശ്രീ എറണാകുളം ജില്ലാ മിഷൻ കോർഡിനേറ്റർ റെജീന ടിം.എം നന്ദി പറഞ്ഞു.

ജെയിൻ കൽപ്പിത സർവകലാശാല സ്കൂൾ ഓഫ് ഹ്യൂമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ ഡോ. രശ്മി സി.പി, സ്കൂൾ ഓഫ് കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ.ശരണ്യ എ.പി, ഇന്ത്യയിലെ കാർഷിക സാങ്കേതിക ഗവേഷണ രംഗത്തെ പ്രശസ്ത സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

# ചേങ്കോട്ടുകോണം എൽപി സ്കൂളിൽ വർണക്കൂടാരം തുറന്നു

### 13 പ്രവർത്തന ഇടങ്ങൾ സ്കൂളിൽ സജ്ജമാക്കി

കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ ചേങ്കോട്ടുകോണം സർക്കാർ എൽ.പി സ്കൂളിലെ എസ്എസ്കെ സ്റ്റാർസ് പദ്ധതി പ്രകാരം നിർമിച്ച മാതൃകാ പ്രീ-പ്രൈമറി വിഭാഗം വർണക്കൂടാരത്തിന്റെ പ്രവർത്തനോദ്ഘാടനവും സ്മാർട്ട് ക്ലാസ്റൂമിന്റെ ഉദ്ഘാടനവും കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ നിർവഹിച്ചു.മണ്ഡലത്തിലെ എല്ലാ സ്കൂളുകളുടെയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി വികസനം സാധ്യമാക്കിയിട്ടുണ്ടെന്ന് എംഎൽഎ വ്യക്തമാക്കി. സാധാരണക്കാരന്റെ മക്കൾക്ക് മികച്ച സൗകര്യങ്ങളോടെയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുകയാണ് സർക്കാർ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.പ്രീ പ്രൈമറി വിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി എസ്എസ്കെ വർണക്കൂടാരം നടപ്പിലാക്കി വരുന്നത്. 10 ലക്ഷം രൂപയാണ് പദ്ധതി ചെലവ്.കുഞ്ഞുങ്ങളുടെ ഭാഷാശേഷി വളർത്താൻ ഭാഷാവികാസ ഇടം, ലഘു ശാസ്ത്രപരീക്ഷണങ്ങൾക്കും നിരീക്ഷണത്തിനും അവസരം നൽകുന്ന ശാസ്ത്രയിടം, കളികളിലൂടെ കണക്കിന്റെ ആദ്യപാഠങ്ങൾ പഠിക്കാവുന്ന ഗണിതയിടം തുടങ്ങി കുട്ടികളുടെ സർവതോന്മുഖ വികാസത്തിന് സഹായിക്കുന്ന 13 പ്രവർത്തന ഇടങ്ങൾ (ആക്ടിവിറ്റി ഏരിയകൾ ) ആണ് സ്കൂളിൽ സജ്ജമാക്കിയിട്ടുള്ളത്.സ്കൂൾ അങ്കണത്തിൽ നടന്ന ചടങ്ങിൽ ചെമ്പഴന്തി വാർഡ് കൗൺസിലർ ചെമ്പഴന്തി ഉദയൻ അധ്യക്ഷത വഹിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് ആർ.നളിനി ജയശ്രീ, എസ്എസ് കെ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ ഡോ. ബി. നജീബ്, കണിയാപുരം ബി.പി.സി ഉണ്ണികൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

## ഉള്ള്യേരിയിലെ കനാലിൽ അജ്ഞാത മൃതദേഹം കണ്ടെത്തി

കോഴിക്കോട്: ഉള്ള്യേരി ഈസ്റ്റ് മുക്കിലെ കനാലിൽ പുരുഷന്റെ മൃതദേഹം കണ്ടെത്തി. ആളെ തിരിച്ചറിഞ്ഞിട്ടില്ല. ഇന്ന് രാവിലെയാണ് മൃതദേഹം കണ്ടെത്തിയത്. അത്തോളി പോലീസ് സ്ഥലത്തെത്തി തുടർനടപടികൾ സ്വീകരിക്കുകയാണ്.

## നിലമ്പൂരിൽ ശക്തമായ മത്സരം;ജനങ്ങൾ തനിക്കൊപ്പം നിൽക്കും: പി. വി. അൻവർ

മലപ്പുറം: നിലമ്പൂരിലേത് ശക്തമായ മത്സരമാണെന്ന് തൃണമൂൽ കോൺഗ്രസ് നേതാവ് പി. വി. അൻവർ. എന്നാൽ മണ്ഡലത്തിലെ ജനങ്ങൾ തനിക്കൊപ്പം നിൽക്കുമെന്നും അൻവർ പറഞ്ഞു. അൻവറിന്റെ കരുത്ത് ജനങ്ങളാണെന്നും ഇരു മുന്നണികളെയും പരാജയപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു, ഭൂരിപക്ഷം പ്രവചിക്കാൻ ഇല്ലെന്നും അൻവർ പറഞ്ഞു.

'തന്റെ മത്സരം ആരെയാണ് ബാധിക്കുക എന്ന് പറയാനാകില്ല. മത്സരം ജനങ്ങൾക്ക് ഗുണം ചെയ്യും. പിണറായിയും വിഡി സതീശനും, ഒരുഭാഗത്തും ജനങ്ങൾ മറു ഭാഗത്തും നിൽക്കുന്ന തെരഞ്ഞെടുപ്പാണിത്. ഇരുമുന്നണിയിലെയും വോട്ടർമാർ തനിക്ക് ഒപ്പം നിൽക്കും. '- അൻവർ അവകാശപ്പെട്ടു. ജനം വഞ്ചകരെ തോൽപ്പിക്കുമെന്നും പറഞ്ഞ അൻവർ മുഖ്യമന്ത്രിക്ക് മറുപടി ഇന്ന് നൽകുമെന്നും വ്യക്തമാക്കി. വഞ്ചകൻ എന്ന വിളിക്ക് കൃത്യമായ മറുപടി നൽകുമെന്നും അൻവർ പറഞ്ഞു.

## വാണിയംകുളത്ത് കാറിടിച്ച് കാൽനടയാത്രക്കാരൻ മരിച്ചു

പാലക്കാട്: വാണിയംകുളത്ത് കാറിടിച്ച് കാൽനടയാത്രക്കാരൻ മരിച്ചു. പനമണ്ണ സ്വദേശി ശശികുമാർ ആണ് മരിച്ചത്. വാണിയംകുളം പാതിപറയിൽ ആണ് അപകടമുണ്ടായത്. ഞായറാഴ്ച രാത്രി ഏഴാടെയാണ് സംഭവം.

പാതിപാറയിലെ അരുൺ ഷാജ് എന്ന സ്വന്തം ഫാബ്രിക്കേഷൻ സ്ഥാപനത്തിൽ നിന്നും കടയടച്ച് റോഡ് ക്രോസ് ചെയ്യുന്ന സമയത്താണ് അപകടം. വാണിയംകുളത്തെ പി. കെ. ദാസ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

## തിരുവനന്തപുരം വിമാനത്താവളത്തിൽ ഹൈബ്രിഡ് കഞ്ചാവ് പിടികൂടി; രണ്ട് പേർ പിടിയിൽ

തിരുവനന്തപുരം: തിരുവനന്തപുരം വിമാനത്താവളത്തിൽ വൻ ഹൈബ്രിഡ് കഞ്ചാവ് വേട്ട. ങ്കോക്കിൽ നിന്നും സിംഗപ്പൂർ വഴി തിരുവനന്തപുരത്ത് എത്തിയ രണ്ട് വിദ്യാർഥികളിൽ നിന്നാണ് ഹൈബ്രിഡ് കഞ്ചാവ് പിടികൂടിയത്. 10 കോടി വിലമതിക്കുന്ന 10 കിലോ ഹൈബ്രിഡ് കഞ്ചാവ് കസ്റ്റംസ് ആണ് പിടികൂടിയത്. ബംഗളൂരുവിലെ വിദ്യാർഥികളായ 23 വയസുള്ള യുവാവും 21 വയസുള്ള യുവതിയുമാണ് പിടിയിലായത്. മലപ്പുറം സ്വദേശികളാണ് വിദ്യാർഥികളാണ് ഇരുവരും. അവധിക്കാലം ആഘോഷിക്കാനായി പോയവർ കഞ്ചാവുമായി മടങ്ങിയെത്തുകയായിരുന്നു. പിടിയിലായ യുവാവ് ലഹരി സംഘത്തിലെ കണ്ണിയാണ്. ബംഗളൂരുവിലും മംഗളൂരുവിലും വിൽപ്പന നടത്തുന്നതിനാണ് കഞ്ചാവ് എത്തിച്ചതെന്നാണ് കസ്റ്റംസ് അന്വേഷണത്തിലെ കണ്ടെത്തൽ.

## കൊച്ചിയിൽ നേവി ഉദ്യോഗസ്ഥനെ ഒഴുക്കിൽപ്പെട്ട് കാണാതായ സംഭവം; അപകടം പരിശീലനത്തിനിടെ അല്ലെന്ന് നാവിക സേന

കൊച്ചി: കായലിൽ നാവിക ഉദ്യോഗസ്ഥനെ ഒഴുക്കിൽപ്പെട്ട് കാണാതായത് പരിശീലനത്തിനിടെ അല്ലെന്ന് നാവിക സേന. ടാൻസാനിയൻ നാവിക ഉദ്യോഗസ്ഥനെ ആണ് കാണാതായത്. നാട്ടിലേക്ക് പോകുന്നതിനായി കൊച്ചിയിലെത്തിയതായിരുന്നു ഉദ്യോഗസ്ഥൻ. ഏഴിമല നേവൽ അക്കാദമിയിൽ നിന്ന് പരിശീലനം പൂർത്തിയാക്കിയാണ് ഉദ്യോഗസ്ഥൻ കൊച്ചിയിൽ എത്തിയത് എന്നാണ് വിവരം. തേവര പാലത്തിൽ നിന്ന് ചാടിയപ്പോഴാണ് ഒഴുക്കിൽപ്പെട്ടത്. പരിശീലനത്തിന്റെ ഭാഗമായാണ് പാലത്തിൽ നിന്ന് ചാടിയത് എന്നാണ് ആദ്യം വന്ന വാർത്ത. നേവിയും ഫയർഫോഴ്സും തെരച്ചിൽ നടത്തി വരികയാണ്.

## ലേലം

ഗവ. ജില്ലാ ആയുർവേദ ആശുപത്രി കോമ്പൗണ്ടിലെ തേക്കുമരം ഇന്ന് (03.06.2025) രാവിലെ 11 മണിക്ക് ലേലം ചെയ്യും. ആശുപത്രി കോമ്പൗണ്ടിൽ നടക്കുന്ന ലേലത്തിൽ പങ്കെടുക്കുന്നവർ നിരത ദ്രവ്യമായി 2500 രൂപ അടയ്ക്കണം. ലേലം ഉറപ്പിച്ചാൽ ലേലത്തുകയുടെ പകുതി അപ്പോൾ തന്നെ ഒടുക്കണം. ലേലം സ്ഥിരപ്പെടുത്തി ഉത്തരവായ ശേഷം 10 ദിവസത്തിനകം മരം നീക്കം ചെയ്യണം.

# പ്രവേശനോത്സവം, പുതിയ കാലഘട്ടത്തെ അടയാളപ്പെടുത്തുന്നത്: മന്ത്രി ജി.ആർ അനിൽ

### തിരുവനന്തപുരം ജില്ലാതല സ്കൂൾ പ്രവേശനോത്സവം മന്ത്രി ഉദ്ഘാടനം ചെയ്തു

പ്രവേശനോത്സവം പുതിയ കാലഘട്ടത്തെ അടയാളപ്പെടുത്തുന്നുവെന്നും വിദ്യാഭ്യാസ രംഗത്ത് കേരളം മറ്റ് സംസ്ഥാനങ്ങളേക്കാൾ ബഹുദൂരം മുന്നോട്ടുപോയെന്നും ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ അനിൽ. തിരുവനന്തപുരം ജില്ലാതല സ്കൂൾ പ്രവേശനോത്സവവും പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനവും കവലയൂർ ഗവ.ഹയർസെക്കന്ററി സ്കൂളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മുൻകാലങ്ങളിൽ നിന്ന് വിഭിന്നമായി സ്കൂൾ പ്രവേശനോത്സവം വളരെ വിപുലമായി സംഘടിപ്പിക്കുന്നു. ആദ്യമായി സ്കൂളിലെത്തുന്ന കുരുന്നുകൾ വളരെ സന്തോഷത്തോടെയാണ് ഇതെല്ലാം ആസ്വദിക്കുന്നത്. കുട്ടികൾക്ക് പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, പരിഷ്കരിച്ച പാഠപുസ്തകങ്ങൾ, സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ എന്നിങ്ങനെ പൊതുവിദ്യാഭ്യാസ രം?ഗത്ത് നമ്മുടെ സർക്കാർ വളരെയധികം മുന്നോട്ടുപോയി.

സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ വലിയ പുരോഗതി കൈവരിക്കാൻ സാധിച്ചു. സ്കൂൾ തുറന്നതിന് ശേഷമുള്ള രണ്ടാഴ്ചക്കാലം സാമൂഹ്യ പ്രസക്തിയുള്ള വിവിധ വിഷയങ്ങളാണ് കുട്ടികളെ പഠിപ്പിക്കുന്നത്. അതിദരിദ്രരില്ലാത്ത കേരളം യാഥാർത്ഥ്യമാകാൻ പോവുകയാണെന്നും ഇത് കേരളത്തിന്റെ സാമൂഹിക അന്തരീക്ഷത്തിൽ വലിയ മാറ്റങ്ങൾക്ക് കാരണമാകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നതായി ചടങ്ങിൽ അധ്യക്ഷത വഹിച്ച ഒ.എസ് അംബിക എംഎൽഎ പറഞ്ഞു. പൊതുവിദ്യാഭ്യാസ മേഖലയിൽ കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ സർക്കാർ നടപ്പിലാക്കിയെന്നും അവർ പറഞ്ഞു.കിഫ്ബി ഫണ്ടിൽ നിന്നും ഒരു കോടി 30 ലക്ഷം രൂപയും എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 18 ലക്ഷം രൂപയും വിനിയോഗിച്ചാണ് കവലയൂർ ഗവ.ഹയർ സെക്കൻഡറി സ്കൂളിലെ പുതിയ കെട്ടിടം നിർമിച്ചത്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി.സുരേഷ് കുമാർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷൈലജാ ബീഗം, മണമ്പൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.നഹാസ്, ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ വി.ആർ സലൂജ. ജില്ലാ പഞ്ചായത്ത് മണമ്പൂർ ഡിവിഷൻ അംഗം വി.പ്രിയദർശിനി, വർക്കല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സ്മിത സുന്ദരേശൻ, സിനി ആർട്ടിസ്റ്റ് അഖിൽ കവലയൂർ, സ്കൂൾ അധികൃതർ തുടങ്ങിയവർ പങ്കെടുത്തു.

# എന്നും ചിരിക്കാം കണ്ണീർ നനവില്ലാതെ

### എല്ലുപൊടിയുന്ന അപൂർവ്വ രോഗം ബാധിച്ച റയാൻ പ്രവേശനോത്സവത്തിൽ താരം

ഒരിക്കൽ കണ്ടവർ മുഹമ്മദ് റയാന്റെ തെളിച്ചമുള്ള കുഞ്ഞുചിരി ഒരിക്കലും മറക്കില്ല.

ജീവിതദുരിതങ്ങളെ കാൽചുവട്ടിലാക്കിയാണ് റയാൻ ആറ്റിങ്ങൽ കവലയൂർ സ്കൂളിൽ നടന്ന തിരുവനന്തപുരം ജില്ലാതല പ്രവേശനോത്സവത്തിന് എത്തിയത്. ബലൂണുകളും സമ്മാനപ്പൊതികളുമായി ഓടി നടന്ന കൂട്ടുകാർക്കൊപ്പം മനസ്സുകൊണ്ട് കുതിച്ച് അവനിരുന്നു.എല്ലുകൾ പൊടിയുന്ന അപൂർവ്വ രോഗം ബാധിച്ച റയാൻ കവലയൂർ സ്കൂളിൽ നിന്ന് എസ്എസ്എൽസി പരീക്ഷയ്ക്ക് 65 ശതമാനം മാർക്ക് നേടിയാണ് പാസ്സായത്. ഉദ്ഘാടനത്തിന് ശേഷം മന്ത്രി ജി.ആർ അനിൽ നേരിട്ടെത്തി റയാന് ഉപഹാരം സമ്മാനിച്ചു. അധ്യാപകരും കൂട്ടുകാരും നൽകിയ പിന്തുണയ്ക്കും സ്നേഹത്തിനും അവൻ നന്ദി പറഞ്ഞു.

പ്രവേശനോത്സവത്തിന് പ്രത്യേകം ക്ഷണിക്കപ്പെട്ടാണ് മുഹമ്മദ് റയാൻ ഉമ്മയ്ക്കും സഹോദരി രഹ്നയ്ക്കുമൊപ്പം എത്തിയത്. കവലയൂർ കുളമുട്ടം ബീന-റാഫി ദമ്പതികളുടെ മകനാണ്. ഇതേ സ്കൂളിൽ തന്നെ പ്ലസ്ടു കോമേഴ്സിന് ചേർന്നിരിക്കുകയാണ് ഈ കൊച്ചുമിടുക്കൻ. ഫുട്ബോളിനെ ഏറെ സ്നേഹിക്കുന്ന റയാന് ഒരു ഫുട്ബോൾ കമന്റേറ്റർ ആകണമെന്നാണ് ആഗ്രഹം. പോർച്ചുഗീസ് ഇതിഹാസം ക്രിസ്റ്റ്യാനോ റോണാൾഡോയാണ് ഇഷ്ടതാരം.

ശാരീരിക അവശതകളോടും ജീവിതത്തോടും പോരാടി റയാൻ നേടിയത് വിലമതിക്കാനാവാത്ത നേട്ടമാണ്. ആരോ?ഗ്യവും ജീവിതസൗകര്യങ്ങളും ഉള്ളവർ പോലും പതറിപ്പോകുന്ന ഇക്കാലത്ത് റയാന് നേടാനുള്ളത് ഈ ലോകം തന്നെയാണ്.

## കൊല്ലത്ത് പൊട്ടിവീണ വൈദ്യുതി ലൈനിൽ നിന്ന് ഷോക്കേറ്റ് ഗൃഹനാഥൻ മരിച്ചു

കൊല്ലം: കുണ്ടറയിൽ പൊട്ടിവീണ വൈദ്യുതി ലൈനിൽ നിന്ന് ഷോക്കേറ്റ് ഗൃഹനാഥൻ മരിച്ചു. പെരുമ്പുഴ സ്വദേശി ഗോപാലകൃഷ്ണപിള്ളയാണ് മരിച്ചത്.

വീടിന് സമീപം പൊട്ടിവീണ വൈദ്യുതി കമ്പിയിൽ നിന്നും ഷോക്കേൽക്കുകയായിരുന്നു. രക്ഷിക്കാൻ ശ്രമിച്ച മകൾ അശ്വതിക്കും ഷോക്കേറ്റു. ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മകളുടെ ആരോഗ്യനില തൃപ്തികരമാണ്. കഴിഞ്ഞ ദിവസമുണ്ടായ ശക്തമായ മഴയിലും കാറ്റിലുമാണ് പ്രദേശത്തെ വൈദ്യുതി തൂണുകൾ ഒടിഞ്ഞു വീണത്.

## പരാതി പരിഹാര അദാലത്ത്

സംസ്ഥാന പട്ടികജാതി പട്ടിക ഗോത്രവർഗ കമ്മീഷൻ നിലവിലുള്ള പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി ജൂൺ 10, 11 തീയതികളിലായി ആറ്റിങ്ങൽ മുനിസിപ്പൽ ലൈബ്രറി ഹാളിൽ അദാലത്ത് സംഘടിപ്പിക്കും.

കമ്മീഷൻ ചെയർപേഴ്സൺ ശേഖരൻ മിനിയോടൻ, മെമ്പർമാരായ ടി.കെ.വാസു, സേതുനാരായണൻ എന്നിവർ നേതൃത്വം നൽകും. പട്ടികജാതി പട്ടിക ഗോത്രവർഗക്കാരുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ള പരാതികളിൽ, പരാതിക്കാരെയും പരാതി എതിർ കക്ഷികളേയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും നേരിൽ കേൾക്കും. അദാലത്തിൽ പുതിയ പരാതികളും സമർപ്പിക്കാം.

# കോവിഡ് കേസുകൾ ഉയരുന്നു; സാഹചര്യം വിലയിരുത്തി കേന്ദ്രം, മരുന്നുകളും ഓക്സിജനും കിടക്കകളും സജ്ജമാക്കണം

ന്യൂഡൽഹി: രാജ്യത്ത് കോവിഡ് കേസുകൾ വർധിക്കുന്ന സാഹചര്യത്തിൽ നിരീക്ഷണം ശക്തമാക്കി കേന്ദ്രസർക്കാർ. നിലവിലെ സാഹചര്യം വിലയിരുത്താൻ ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു.

നിലവിൽ രാജ്യത്ത് 3758 പേർക്ക് കോവിഡ് രോഗബാധയുണ്ടെന്നാണ് കേന്ദ്ര ആരോഗ്യമന്ത്രാലയം പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നത്. കേരളത്തിലാണ് ഏറ്റവും കൂടുതൽ രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. 1,400 കോവിഡ് കേസുകൾ. കേരളത്തിൽ കോവിഡ് ബാധിച്ച് ഞായറാഴ്ച ഒരാൾ കൂടി മരിച്ചു. ചികിത്സയിലായിരുന്ന 24 കാരിയായ യുവതിയാണ് മരിച്ചത്.മേയ് 19നു ശേഷം രാജ്യത്തെ മിക്ക സംസ്ഥാനങ്ങളിലും കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 26 സംസ്ഥാനങ്ങളിൽ സജീവ് കേസുകളുണ്ടെന്നാണ് ആരോഗ്യവിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്. മഹാരാഷ്ട്ര സർക്കാരിന്റെ കണക്ക് പ്രകാരം 506 കോവിഡ് രോഗികളാണ് സംസ്ഥാനത്തുള്ളത്. ഡൽഹി, ഗുജറാത്ത്, കർണാടക എന്നീ സംസ്ഥാനങ്ങളിലും കോവിഡ് കേസുകളിൽ വർധനയുണ്ട്. നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് അധികൃതർ വ്യക്തമാക്കി.

ആശുപത്രികളിൽ ആവശ്യമായ മരുന്നുകളും ഓക്സിജനും വാക്സിനുകളും കിടക്കകളും സജ്ജമാക്കാൻ കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി. കോവിഡ് കേസുകളിലെ പെട്ടെന്നുണ്ടായ വർധന മൂലം നിരീക്ഷണം ശക്തമാക്കാനും ആരോഗ്യ പ്രോട്ടോക്കോളുകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനങ്ങളിൽ കോവിഡ് പരിശോധന വർധിപ്പിച്ചു.

ഇന്ത്യയിൽ വ്യാപിക്കുന്ന അണുബാധയുടെ തീവ്രത കുറവാണെങ്കിലും നിലവിലെ സ്ഥിതി നിരീക്ഷിച്ചു വരികയാണെന്നാണ് കേന്ദ്ര ആരോഗ്യമന്ത്രാലയം അറിയിച്ചത്. രോഗികളുടെ എണ്ണത്തിൽ വർധനയുണ്ടെങ്കിലും കൂടുതൽ രോഗികളും വീട്ടിൽതന്നെ പരിചരണത്തിലാണ്. അതിനാൽ ആശങ്കയ്ക്കു വകയില്ലെന്നാണ് ആരോഗ്യ വിദഗ്ധർ വ്യക്തമാക്കുന്നത്.

കോവിഡ് പകർച്ചവ്യാധി പടർന്നുപിടിച്ച കാലത്തെ അപേക്ഷിച്ച് ഇത്തവണ രോഗവ്യാപനവും അണുബാധയുടെ തീവ്രതയും താരതമ്യേന കുറവാണെന്ന് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ഐസിഎംആർ) ഡയറക്ടർ ജനറൽ ഡോ. രാജീവ് ബഹൽ നേരത്തെ വ്യക്തമാക്കിയിരുന്നു. രാജ്യത്തെ കോവിഡ് കേസുകളെല്ലാം ഇൻറഗ്രേറ്റഡ് ഡിസീസ് സർവൈലൻസ് പ്രോഗ്രാം (ഐഡിഎസ്പി) വഴി നിരീക്ഷിച്ചു വരികയാണ്. ജനങ്ങൾ ആശങ്കപ്പെടേണ്ട കാര്യമില്ല. ജാഗ്രത മാത്രം മതിയെന്നും സാധാരണ എടുക്കുന്ന മുൻകരുതലുകൾ പാലിക്കാനും ബഹൽ മുന്നറിയിപ്പ് നൽകി.

# വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ മഴയും മണ്ണിടിച്ചിലും രൂക്ഷം; മരണം 34 ആയി

ഇറ്റാനഗർ/ഗോഹട്ടി: വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ കനത്ത മഴയിലും മണ്ണിടിച്ചിലിലും മരണസംഖ്യ 34 ആയി. ആസാം, മണിപ്പൂർ, ത്രിപുര, സിക്കിം, അരുണാചൽ പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലായാണ് ആളപായം റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

ആസാമിൽ കഴിഞ്ഞ 24 മണിക്കൂറിനിടെ മഴക്കെടുതിയിൽ മൂന്നുപേർ മരിച്ചു. ഇതോടെ മരണ സംഖ്യ പതിനൊന്നായി. ആസാം സംസ്ഥാന ദുരന്ത നിവാരണ അഥോറിറ്റി ഞായറാഴ്ച പുറത്തിറക്കിയ ബുള്ളറ്റിൻ പ്രകാരം കിഴക്കൻ ആസാമിലെ ലഖിംപൂരിൽ ഒരാളും ഗോലാഘട്ടിൽ രണ്ട് പേരും മരിച്ചതായാണ് വ്യക്തമാക്കുന്നത്. മരിച്ചവരുടെ കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ നാല് ലക്ഷം രൂപ നഷ്ടപരിഹാരം പ്രഖ്യാപിച്ചതായി മന്ത്രി ജയന്ത മല്ല ബറുവ അറിയിച്ചു. ആസാമിലെ 19 ജില്ലകളിലായി 3.6 ലക്ഷം പേരെ വെള്ളപ്പൊക്കം ബാധിച്ചതായാണ് റിപ്പോർട്ട്. 764 ഗ്രാമങ്ങളിൽ വെള്ളപ്പൊക്കം നാശം വിതച്ചു. തലസ്ഥാനമായ ഗോഹട്ടിയിൽ പല പ്രദേശങ്ങളും വെള്ളത്തിനടിയിലാണ്. കാംരൂപ്, കാംരൂപ് മെട്രോപോളിറ്റൻ, കാചാർ ജില്ലകളിൽ കനത്ത നാശമാണ് വിതച്ചത്.

ദിബ്രുഗഡ്, നീമാതിഘട്ട് എന്നിവിടങ്ങളിൽ ബ്രഹ്മപുത്ര നദി അപകടനിലയ്ക്ക് മുകളിലാണ് ഒഴുകുന്നത്. മറ്റ് അഞ്ച് നദികളും അപകടനിലയ്ക്ക് മുകളിലാണ് ഒഴുകുന്നത്. മേയ് 29 ന് മുൻഷിതാംഗിലെ ടീസ്റ്റ നദിയിലേക്ക് വാഹനം മറിഞ്ഞ് കാണാതായ എട്ട് വിനോദസഞ്ചാരികളെ ഇതുവരെ കണ്ടെത്താനായിട്ടില്ല.

മിസോറമിലെ സെർചിപ് ജില്ലയിൽ കനത്ത മഴയെത്തുടർന്നുണ്ടായ മണ്ണിടിച്ചിലിൽ വീടുകൾ തകർന്ന് നാലു പേർ മരിച്ചു. മരിച്ചവരിൽ മൂന്നു മ്യാൻമർ അഭയാർഥികളും ഉൾപ്പെടുന്നു. വെള്ളിയാഴ്ച മുതൽ സംസ്ഥാനത്ത് കനത്ത മഴയാണുള്ളത്. മേഘാലയയിൽ രണ്ടു പെൺകുട്ടികൾ മിന്നലേറ്റും ഒരാൾ ഒഴുക്കിൽപ്പെട്ടും മരിച്ചു. സംസ്ഥാനത്ത് കനത്ത മഴയും മണ്ണിടിച്ചിലും തുടരുകയാണ്. 10 ജില്ലകളെ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ബാധിച്ചു. മണിപ്പൂരിലെ ഇംഫാൽ വെസ്റ്റ്, ഇംഫാൽ ഈസ്റ്റ്, തൗബൽ, ബിഷ്ണുപുർ, കാക്ചിംഗ് ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ നൂറുകണക്കിനു വീടുകളിൽ വെള്ളം കയറി. വടക്കൻ സിക്കിമിൽ 1,200-ലധികം വിനോദസഞ്ചാരികൾ കുടുങ്ങിക്കിടക്കുന്നതായും റിപ്പോർട്ടുകളുണ്ട്. ത്രിപുരയിൽ പതിനായിരത്തിലധികം ആളുകളെ വെള്ളപ്പൊക്കം ബാധിച്ചിട്ടുണ്ട്.

മഴക്കെടുതി രൂക്ഷമായ ആസാ, സിക്കിം, അരുണാചൽ പ്രദേശ് മുഖ്യമന്ത്രിമാരുമായും മണിപ്പൂർ ഗവർണറുമായും സംസാരിച്ച കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങൾക്ക് സാധ്യമായ എല്ലാ സഹായവും നൽകുമെന്ന് ഉറപ്പ് നൽകി.

# അണ്ണാ സർവകലാശാല പീഡനക്കേസ്; പ്രതിക്ക് 30 വർഷത്തിൽ കുറയാത്ത തടവ് ശിക്ഷ

ചെന്നൈ: തമിഴ്നാട് അണ്ണാ സർവകലാശാല കാമ്പസിൽ രണ്ടാം വർഷ ബിരുദ വിദ്യാർഥിനി ബലാത്സംഗത്തിനിരയായ സംഭവത്തിൽ പ്രതി ജ്ഞാനശേഖരന് (37) ജീവപര്യന്തം തടവ് ശിക്ഷ. 30 വർഷം കഴിയാതെ പ്രതിയെ പുറത്തുവിടരുതെന്നും കോടതി ഉത്തരവിട്ടു. ചെന്നൈ മഹിളാ കോടതിയുടേതാണ് വിധി. പ്രതിക്കെതിരേ ചുമത്തപ്പെട്ട 11 കുറ്റങ്ങൾ സംശയാതീതമായി തെളിഞ്ഞതായി ജഡ്ജി എം. രാജലക്ഷ്മി ഉത്തരവിൽ പറഞ്ഞു. 2024 ഡിസംബർ 23ന് രാത്രി എട്ടിനാണ് അണ്ണാ സർവകലാശാല കാമ്പസിൽ വിദ്യാർഥിനി ക്രൂരപീഡനത്തിന് ഇരയായത്. ഒപ്പമുണ്ടായിരുന്ന സുഹൃത്തിനെ മർദിച്ച് അവശനാക്കിയതിന് ശേഷം പെൺകുട്ടിയെ വലിച്ചിഴച്ച് കൊണ്ടുപോയി ബലാത്സംഗം ചെയ്യുകയായിരുന്നു. സംഭവത്തിന് പിന്നാലെ പെൺകുട്ടി സർവകലാശാല അധികൃതർക്കും പോലീസിനും പരാതി നൽകി. ഇതോടെയാണ് സംഭവം പുറംലോകമറിയുന്നത്. വഴിയോരത്ത് ബിരിയാണി കച്ചവടം നടത്തുന്നയാളാണ് കോട്ടൂർപുരം സ്വദേശിയായ ജ്ഞാനശേഖരൻ(37). ഇയാൾക്കെതിരെ കോട്ടൂർപുരം പോലീസ് സ്റ്റേഷനിൽ വേറേയും കേസുകളുള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. സിസിടിവി ദൃശ്യങ്ങളുടെ സഹായത്തോടെയാണ് പ്രതിയെ പിടികൂടിയത്.

# അഫ്ഗാനിസ്ഥാന് കൈകൊടുത്ത് പാക്കിസ്ഥാൻ

ഇസ്ലാമാബാദ്: അഫ്ഗാനിസ്ഥാനുമായുള്ള നയതന്ത്ര ബന്ധം മെച്ചപ്പെടുത്താനുള്ള നീക്കവുമായി പാക്കിസ്ഥാൻ. പരസ്പര വിശ്വാസം ദൃഢമാക്കി മുന്നോട്ടുപോകാൻ ഇരുരാജ്യങ്ങളുടെയും വിദേശകാര്യമന്ത്രിമാർ തമ്മിൽ നടന്ന ചർച്ചയിൽ തീരുമാനമായതായി പാക് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. പാക്അഫ്ഗാൻ ബന്ധം മെച്ചപ്പെടുത്താൻ ചൈനയുടെ മധ്യസ്ഥതയിൽ വെള്ളിയാഴ്ച ബെയ്ജിംഗിൽ നടത്തിയ ചർച്ചയ്ക്കു പിന്നാലെയാണ് പാക്കിസ്ഥാന്റെ പുതിയ നീക്കം.

ബന്ധം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പാക് വിദേശകാര്യമന്ത്രി ഇഷാക് ധറും അഫ്ഗാൻ വിദേശകാര്യമന്ത്രി അമിർ ഖാൻ മുത്താഖിയും തമ്മിൽ ഞായറാഴ്ച ടെലിഫോണിൽ ചർച്ച നടത്തി. പരസ്പരം അംബാസഡർമാരെ നിയമിക്കാനും ഇരുരാജ്യങ്ങളും തീരുമാനമെടുത്തിട്ടുണ്ട്.

# ശ്രേയസ് വെടിക്കെട്ടിൽ പഞ്ചറായി മുംബൈ; ഫൈനലിലെത്തി പഞ്ചാബ്

അഹമ്മദാബാദ്: ഐപിഎൽ ഫൈനലിലെത്തി പഞ്ചാബ് കിംഗ്സ്. ക്വാളിഫയർ രണ്ടിൽ മുംബൈ ഇന്ത്യൻസിനെ തകർത്താണ് പഞ്ചാബ് ഫൈനലിലെത്തിയത്. ചൊവ്വാഴ്ച നടക്കുന്ന ഫൈനലിൽ പഞ്ചാബ് കിംഗ്സ് റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും.

ഞായറാഴ്ച നടന്ന രണ്ടാം ക്വാളിഫയർ മത്സരത്തിൽ അഞ്ച് വിക്കറ്റിനാണ് പഞ്ചാബ് വിജയിച്ചത്. മുംബൈ ഉയർത്തിയ 204 റൺസ് വിജയലക്ഷ്യം ഓരോവർ ബാക്കിനിൽക്കെ പഞ്ചാബ് മറികടന്നു. നായകൻ ശ്രേയസ് അയ്യരുടെ ഗംഭീര ബാറ്റിംഗാണ് 11 വർഷങ്ങൾക്ക് ശേഷം പഞ്ചാബിനെ ഫൈനലിൽ എത്തിക്കുന്നതിൽ നിർണായകമായത്.

87 റൺസാണ് ശ്രേയസ് അയ്യർ എടുത്തത്. 41 പന്തിൽ അഞ്ച് ബൗണ്ടറിയും എട്ട് സിക്സും അടങ്ങുന്നതായിരുന്നു ശ്രേയസിന്റെ ഇന്നിംഗ്സ്. 29 പന്തിൽ 48 റണ്ടെസെടുത്ത നേഹാൽ വദേരയും 21 പന്തിൽ 38 റൺസെടുത്ത ജോഷ് ഇംഗ്ലീസും മികച്ച പ്രകടനമാണ് നടത്തിയത്. മുംബൈ ഇന്ത്യൻസിന് വേണ്ടി അശ്വനി കുമാർ രണ്ട് വിക്കറ്റെടുത്തു. ട്രെൻറ് ബോൾട്ടും ഹർദിക് പാണ്ഡ്യയും ഓരോ വിക്കറ്റ് വീതം വീഴ്ത്തി.

# സുരക്ഷാപ്രശ്നം; അറ്റകുറ്റപ്പണികൾക്കായി വിമാനങ്ങൾ തുർക്കി കമ്പനിയിലേക്ക് അയക്കില്ല

ന്യൂഡൽഹി: അറ്റകുറ്റപ്പണികൾക്കായി എയർ ഇന്ത്യ വിമാനം തുർക്കി കമ്പനിയിലേക്ക് അയക്കില്ല. എയർ ഇന്ത്യ സിഇഒ കാംപ്ബെൽ വിൽസൺ ഇക്കാര്യം സ്ഥിരീകരിച്ചു. തുർക്കി കമ്പനിക്കു പകരം സേവനത്തിനായി മറ്റ് എംആർഒകളെ സമീപിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

എയർ ഇന്ത്യയുടെ ജംബോ ജെറ്റുകൾ പോലുള്ള വലിയ വിമാനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നത് ടർക്കിഷ് ടെക്നിക് എന്ന കമ്പനിയാണ്. ടർക്കിഷ് എയർലൈൻസിന്റെ ഭാഗമായി പ്രവർത്തിക്കുന്ന കമ്പനിയാണിത്. എയർ ഇന്ത്യയുടെ ബി777,ബി787 എന്നീ വിമാനങ്ങളുടെ അറ്റകുറ്റപ്പണികളാണ് ടർക്കിഷ് ടെക്നിക് ചെയ്തുവന്നിരുന്നത്. ഇന്ത്യയിൽ തന്നെ വിമാനങ്ങളുടെ അറ്റകുറ്റപ്പണികൾ ആരംഭിക്കാൻ കുറച്ചു കാലം കൂടി കാത്തിരിക്കേണ്ടി വരും. തത്കാലം മിഡിൽ ഈസ്റ്റ്, തെക്കുകിഴക്കൻ ഏഷ്യ, യുഎസ് തുടങ്ങിയ രാജ്യങ്ങളിലെ കമ്പനികളെ ആശ്രയിക്കേണ്ടി വരുമെന്നും കാംപ്ബെൽ അറിയിച്ചു. പഹൽഗാം ഭീകരാക്രമണത്തിനുശേഷം പാക്കിസ്ഥാനെതിരെ ഇന്ത്യ നടത്തിയ പ്രത്യാക്രമണത്തെ തുർക്കി അപലപിക്കുകയും പാക്കിസ്ഥാന് പിന്തുണ നൽകുകയും ചെയ്തിരുന്നു. രാജ്യസുരക്ഷ മുൻനിർത്തി തുർക്കി കമ്പനിയായ ചെലബി എയർപോർട്ട് സർവീസസിന്റെ ഇന്ത്യയിലെ സെക്യൂരിറ്റി ക്ലിയറൻസ് ലൈസൻസ് ബിസിഎഎസ് റദ്ദാക്കിയിരുന്നു.

# മഴക്കെടുതിയിൽ ഇന്ന് നാല് മരണം

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് മഴക്കെടുതിയിൽ നാലു പേർക്ക് ജീവൻ നഷ്ടമായി. കോട്ടയം ഒളശയിൽ വെള്ളക്കെട്ടിൽ വീണ മാവുങ്കൽ സ്വദേശി അലൻ ദേവസി മരിച്ചു. എറണാകുളം വരാപ്പുഴയിൽ പതിനേഴുകാരൻ മുങ്ങിമരിച്ചു. വരാപ്പുഴ സ്വദേശി പോളാണ് മരിച്ചത്. പത്തനംതിട്ട വള്ളംകുളം കാവുങ്കലിൽ വള്ളം മറിഞ്ഞ് യുവാവ് മരിച്ചു. രഞ്ജിത്ത് രാജേന്ദ്രൻ ആണ് മരിച്ചത്. മീൻ പിടിക്കാനായി ഇട്ടിരുന്ന വലയിൽ കാൽ കുടുങ്ങിയാണ് രഞ്ജിത്ത് മുങ്ങിമരിച്ചത്.

# അപേക്ഷ ക്ഷണിച്ചു

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ അസാപ് കേരളയുടെ കഴക്കൂട്ടം കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ സ്മാൾ കാറ്റഗറി ഡ്രോൺ പൈലറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ജൂൺ 5 ന് മുൻപായി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.ലൈസൻസും സർട്ടിഫിക്കേഷനോടുകൂടി ഇന്ത്യയിലും വിദേശത്തും നിരവധി ജോലി അവസരങ്ങൾ ഉള്ള കോഴ്സാണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും https://csp.asapkerala.gov.in/courses/small-category-drone-pilot-training-tvm എന്ന ലിങ്ക് സന്ദർശിക്കുക. ഫോൺ : 9495999693

# 'പ്രകൃതി പാഠം' പദ്ധതി മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യും

സംസ്ഥാന ഭൂവിനിയോഗ ബോർഡ് സംസ്ഥാനത്തെ കർഷകർക്കായി നടപ്പിലാക്കുന്ന 'പ്രകൃതി പാഠം' പദ്ധതി ജൂൺ 4ന് രാവിലെ 10 മണിക്ക് വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ കൂത്തമ്പലത്തിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യും. വി. കെ. പ്രശാന്ത് എം.എൽ.എ. അധ്യക്ഷനാകും.

പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ കർഷകരും ശാസ്ത്രജ്ഞരും സന്നദ്ധപ്രവർത്തകരും ഒരുമിക്കുന്ന ആശയവിനിമയ സദസ്സ് സംഘടിപ്പിക്കുകയാണ് ലക്ഷ്യം. കർഷകരുടെയും ശാസ്ത്രജ്ഞരുടെയും ആശയ കൈമാറ്റം എന്നതിലുപരി കർഷകരുടെയും ശാസ്ത്രജ്ഞരുടെയും പ്രകൃതി സംരക്ഷണ കൂട്ടായ്മ രൂപപ്പെടുത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

അശാസ്ത്രീയമായ ഭൂവിനിയോഗ മാറ്റങ്ങൾ പരിസ്ഥിതിക്ക് മേൽ സൃഷ്ടിക്കുന്ന ആഘാതത്തെക്കുറിച്ച്, കർഷകർക്ക് അവബോധം നൽകുകയും, തനത് ഭൂവിനിയോഗം നിലനിർത്തി പ്രകൃതിയുടെ സന്തുലിതാവസ്ഥ ഉറപ്പ് വരുത്തേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുകയും ചെയ്യുന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. വയൽ പ്രദേശങ്ങൾ നികത്തുന്നത് മൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങളായ ഭൂഗർഭ ജലശോഷണം, ജൈവവൈവിധ്യ നഷ്ടം, ഉയർന്ന ചരിവുള്ള പ്രദേശങ്ങളിലെ തനത് ഭൂവിനിയോഗത്തിലുണ്ടാകുന്ന മാറ്റം വഴിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ, കർഷകർക്ക് സുസ്ഥിര ഭൂവിനിയോഗ വ്യവസ്ഥ [(Sustainable Land Use System (SLUS)] നിലനിർത്തുന്നതിനുള്ള പങ്ക് എന്നിവയാണ് പ്രകൃതിപാഠം പകർന്നു നൽകുന്നത്. മാറുന്ന കാലാവസ്ഥയിൽ കൂട്ടായ പരിശ്രമങ്ങളിലൂടെയും ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെയും കാലാവസ്ഥാ പ്രതിരോധ രീതികൾ അവലംബിച്ച് കാർഷിക വരുമാനം നിലനിർത്തുന്നതിനുള്ള ആശയങ്ങളും, നൂതന സാങ്കേതിക വിദ്യകളും പ്രകൃതിപാഠത്തിൽ ഉൾപ്പെടുന്നു.

പ്രകൃതി വിഭവ സംരക്ഷണം, മാറുന്ന ഭൂവിനിയോഗം, പരമ്പരാഗത സംരക്ഷണ മുറകൾ, കാലാവസ്ഥ വ്യതിയാനം, മാറുന്ന കാലാവസ്ഥയ്ക്കിണങ്ങുന്ന നൂതന കൃഷി രീതികൾ എന്നീ വിഷയങ്ങൾ സംബന്ധിച്ചുള്ള വിഷയാധിഷ്ഠിത ചർച്ചയും അശാസ്ത്രീയമായ ഭൂവിനിയോഗ മാറ്റങ്ങളുടെ ദൂഷ്യഫലങ്ങളിലേക്ക് കർഷകരുടെ ശ്രദ്ധ ആകർഷിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

# സിക്കിമിലെ സൈനിക കാമ്പിൽ മണ്ണിടിച്ചിൽ; മൂന്ന് പേർ മരിച്ചു; ആറ് പേരെ കാണാതായി

ഗാംഗ്ടോക്ക്: കനത്ത മഴയ്ക്ക് പിന്നാലെ സിക്കിമിലെ ഛാത്തനിൽ സൈനിക കാമ്പിൽ ഉണ്ടായ മണ്ണിടിച്ചിലിൽ മൂന്ന് സുരക്ഷാ ഉദ്യോഗസ്ഥർ മരിച്ചു. ആറ് പേരെ കാണാതായിട്ടുണ്ട്. ഞായറാഴ്ച വൈകുന്നേരം ഏഴോടെയാണ് അപകടം ഉണ്ടായത്. ഇതുവരെ മൂന്ന് മൃതദേഹങ്ങൾ കണ്ടെടുത്തു. നാലുപേരെ പരിക്കുകളോടെ രക്ഷപ്പെടുത്തി.

കാണാതായവർക്കായുള്ള തെരച്ചിൽ തുടരുകയാണ്. കാലാവസ്ഥ പ്രതികൂലമായതിനാൽ രക്ഷാപ്രവർത്തനം ദുഷ്കരമാണെന്ന് അധികൃതർ അറിയിച്ചു.

# അമേരിക്കയിൽ ഇസ്രയേൽ അനുകൂല പ്രകടനത്തിന് നേരെ ബോംബേറ്; നിരവധി പേർക്ക് പരിക്ക്

വാഷിംഗ്ടൺ: അമേരിക്കയിലെ കൊളറാഡോയിൽ ഇസ്രയേൽ അനുകൂല പ്രകടനത്തിന് നേരെയുണ്ടായ ബോംബേറ്. നിരവധി പേർക്ക് ബോംബേറിൽ പരിക്കേറ്റു.

ബോൾഡർ നഗരത്തിലെ ഒരു മോളിനടുത്ത് റാലിയിൽ പങ്കെടുത്തവർക്ക് നേരെയാണ് പെട്രോൾ ബോംബ് എറിഞ്ഞത്. ഇന്ധനം നിറച്ച കുപ്പികൾ ആണ് അക്രമത്തിന് ഉപയോഗിച്ചത്. ഞായറാഴ്ച ഉച്ചക്ക് ഒന്നരയോടെയാണ് സംഭവം. അക്രമിയെ പോലീസ് കസ്റ്റഡിയിലെടുത്തു. അതേസമയം, ആക്രമണം ഭീകരവാദമെന്ന നിലയിൽ അന്വേഷണം തുടങ്ങിയതായി എഫ്ബിഐ അറിയിച്ചു.

# മത്സ്യത്തൊഴിലാളി ജാഗ്രത നിർദേശം

കേരള ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ ജൂൺ 3ന് മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

# കെ മാറ്റ് ഉത്തരസൂചിക പ്രസിദ്ധീകരിച്ചു

2025 മേയ് 31 ന് കേരളത്തിലെ എല്ലാ ജില്ലകളിലെയും വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തിയ 2025 അധ്യയന വർഷത്തെ എം.ബി.എ പ്രവേശനത്തിനുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയുടെ ഉത്തര സൂചിക പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു.

ഉത്തര സൂചികകൾ സംബന്ധിച്ച് ആക്ഷേപമുള്ള അപേക്ഷകർക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ കാൻഡിഡേറ്റ് പോർട്ടലിലുള്ള Answer Key Challenge എന്ന മെനുവിലൂടെ ജൂൺ 4 രാവിലെ 11 വരെ ആക്ഷേപങ്ങൾ സമർപ്പിക്കാം. വിശദ വിവരങ്ങൾക്ക് വെബ്സൈറ്റിൽ നൽകിയിട്ടുള്ള വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ : 04712525300, 2332120, 2338487

# നിയമനം

2025 വർഷത്തിലെ ട്രോളിംഗ് നിരോധന കാലയളവിലേയ്ക്ക് ദിവസ വേതനാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ ഫിഷറീസ് വകുപ്പ് ഏർപ്പെടുത്തുന്ന റെസ്ക്യു ബോട്ടുകളിൽ ലൈഫ് ഗാർഡ് / ഹാർബർ ബേസ്ഡ് സി റെസ്ക്യൂ സ്ക്വാഡുകളെ നിയമിക്കുന്നു. അപേക്ഷകർ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളും ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സ് പരിശീലനം പൂർത്തിയാക്കിയവരും 20 വയസ്സിനും 45 വയസ്സിനും മധ്യേ പ്രായമുള്ളവരും ഏത് പ്രതികൂല കാലാവസ്ഥയിലും കടലിൽ നീന്താൻ ക്ഷമതയുള്ളവരുമായിരിക്കണം. കടൽ രക്ഷാ പ്രവർത്തനങ്ങളിൽ ഇതിനു മുൻപ് പരിചയമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും.

കൂടാതെ സീ റസ്ക്യൂ സ്ക്വാഡ് / ലൈഫ് ഗാർഡ് ആയി ജോലി നോക്കിയിട്ടുള്ള പ്രവൃത്തി പരിചയം, തിരുവനന്തപുരം ജില്ലയിലെ താമസക്കാർ, 2018 ലെ പ്രളയ രക്ഷാ പ്രവർത്തനത്തിൽ പങ്കെടുത്തവർ എന്നിവർക്കും മുൻഗണന ഉണ്ടായിരിക്കും. താല്പര്യമുള്ളവർ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്, വിഴിഞ്ഞം കാര്യാലയത്തിൽ ജൂൺ 4 ഉച്ചയ്ക്കു 3 മണിയ്ക്കുകം ബയോഡാറ്റ, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബുക്ക്, യോഗ്യത, മുൻപരിചയം എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണം. ജൂൺ 5ന് രാവിലെ 11 മണിയ്ക്ക് വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷനിൽ അഭിമുഖം നടക്കും.

# പ്ലസ് വൺ പരീക്ഷാഫലം

മാർച്ചിൽ നടന്ന ഒന്നാം വർഷ ഹയർസെക്കണ്ടറി / വൊക്കേഷണൽ ഹയർസെക്കണ്ടറി പരീക്ഷാഫലം https://results.hse.kerala.gov.in/ ൽ പ്രസിദ്ധീകരിച്ചു.

# അങ്കണവാടി പ്രവേശനോത്സവം മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും

അങ്കണവാടികളിലെ 2025-26 വർഷത്തെ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ 3ന് രാവിലെ 9.30ന് പത്തനംതിട്ടയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിലെ 72-ാം നമ്പർ അങ്കണവാടിയിൽ നടക്കും. ആരോഗ്യ, വനിത ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം നിർവഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോർജ് എബ്രഹാം അധ്യക്ഷത വഹിക്കും.

പ്രീസ്കൂൾ കുട്ടികൾക്കായുള്ള പരിഷ്കരിച്ച മാതൃക ഭക്ഷണ പദ്ധതിയുടെ പ്രകാശനവും, കുട്ടികളുടെ വളർച്ചാ നാഴികക്കല്ലുകൾ രേഖപ്പെടുത്തുന്നതിനുള്ള 'കുഞ്ഞൂസ് കാർഡ്' വിതരണവും മന്ത്രി നിർവഹിക്കും. സംയോജിത ശിശു വികസന സേവന പദ്ധതി (ഐ.സി.ഡി.എസ്)യുടെ ഭാഗമായി സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്ര വികസനം ലക്ഷ്യമിട്ട് വനിത ശിശു വികസന വകുപ്പ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതികളുടെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കുകയാണ് പ്രവേശനോത്സവത്തിന്റെ ലക്ഷ്യം.

3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികളുടെ ശാരീരിക, വൈജ്ഞാനിക, സാമൂഹിക-വൈകാരിക, ഭാഷാപര, സർഗാത്മക വികാസ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അങ്കണവാടികൾ വിദ്യാഭ്യാസം നൽകുന്നു. തീം അധിഷ്ഠിത പഠനവും പാഠ്യേതര പ്രവർത്തനങ്ങളും കുട്ടികളുടെ ജീവിത നൈപുണ്യവും സ്വഭാവ രൂപീകരണവും പോഷിപ്പിക്കുന്നതിൽ അടിസ്ഥാനമാകുന്നു. പോഷകാഹാര നിലവാരം ഉയർത്തുന്നതിനായി 'പോഷകബാല്യം' പദ്ധതിയിലൂടെ 'പാലും മുട്ടയും' ഉൾപ്പെടെയുള്ള അനുപൂരക പോഷകാഹാരവും വിതരണം ചെയ്യുന്നു.

അനൗപചാരിക പ്രീസ്കൂൾ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ചും അങ്കണവാടി സേവനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ പ്രവേശനോത്സവം ലക്ഷ്യമിടുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA



# ദേശീയ ഉച്ചകോടി: ആയുഷ് മേഖലയിലെ വിവര സാങ്കേതിക വിദ്യ നോഡൽ സംസ്ഥാനമായി കേരളം

## രാജ്യത്തെ മികച്ച മാതൃക; കേരളത്തിന്റെ ആയുഷ് മേഖലയ്ക്ക് അഭിനന്ദനം

കേന്ദ്ര സർക്കാർ നീതി ആയോഗ് സഹകരണത്തോടെ സെപ്റ്റംബറിൽ ഡൽഹിയിൽ വച്ച് സംഘടിപ്പിക്കുന്ന ദേശീയ വകുപ്പുതല ഉച്ചകോടിയിൽ കേരള ആയുഷ് വകുപ്പും. ഉച്ചകോടിയിൽ അവതരിപ്പിക്കുന്ന 'ആയുഷ് മേഖലയിൽ നടപ്പിലാക്കിയ വിവരസാങ്കേതികവിദ്യാ സേവനങ്ങൾ' എന്ന വിഷയത്തിൽ കേരളത്തെ നോഡൽ സംസ്ഥാനമാക്കി. സംസ്ഥാനം ആയുഷ് മേഖലയിൽ നടപ്പിലാക്കി വരുന്ന വിവിധങ്ങളായ വിവരസാങ്കേതികവിദ്യാ സേവനങ്ങൾ കഴിഞ്ഞ ദേശീയ ആയുഷ് കോൺക്ലേവിൽ ദേശീയ പ്രശംസ പിടിച്ചുപറ്റിയിരുന്നു. ഇതിന് തുടർന്നാണ് ഈ ഒരു അംഗീകാരം ലഭിച്ചത്.

ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഉച്ചകോടിയിൽ ആയുഷ് മേഖലയിലെ വിവരസാങ്കേതികവിദ്യാ സേവനങ്ങൾ എന്ന വിഷയത്തിൽ കേരളത്തെ നോഡൽ സംസ്ഥാനമായി തെരഞ്ഞെടുത്തത് അഭിമാനാർഹമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ആയുഷ് മേഖലയിൽ നടപ്പിലാക്കുന്ന നൂതന സംരംഭങ്ങൾക്കുള്ള അംഗീകാരമാണിത്. ആയുഷ് മേഖലയിൽ സിവിൽ വർക്ക് മോണിറ്ററിങ്ങ് സോഫ്റ്റ്‌വെയർ, എച്ച്.ആർ. മാനേജ്മെന്റ് സോഫ്റ്റ്‌വെയർ, ലേർണിങ് മാനേജ്മെന്റ് സിസ്റ്റം, മെഡിസിൻ പ്രോക്യൂർമന്റ് സോഫ്റ്റ്‌വെയർ, ഒങ്കട സോഫ്റ്റ്‌വെയർ എന്നിവ നടപ്പിലാക്കിയതാണ് ഈ നേട്ടത്തിന് കാരണമായത്. ഇത്തരം അംഗീകാരങ്ങൾ സംസ്ഥാനത്തെ ആയുർവേദം, ഹോമിയോപ്പതി, യോഗ നാച്ചുറോപതി, സിദ്ധ, യുനാനി തുടങ്ങിയ ആയുഷ് ചികിത്സാ സംവിധാനങ്ങൾക്ക് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുവാൻ ഊർജം പകരുമെന്നും മന്ത്രി പറഞ്ഞു.

കഴിഞ്ഞ മാസം കേന്ദ്ര ആയുഷ് മന്ത്രാലയം മഹാരാഷ്ട്രയിൽ സംഘടിപ്പിച്ച ദേശീയ ആയുഷ് മിഷൻ കോൺക്ലേവിൽ കേരളത്തിന് അഭിനന്ദനം ലഭിച്ചിരുന്നു. കേരള ആയുഷ് മേഖല രാജ്യത്തിലെ മികച്ച മാത്രകയെന്ന് കേന്ദ്ര ആയുഷ് മന്ത്രി പ്രതാപ് റാവു ജാദവ് അഭിപ്രായപ്പെട്ടു.

കേരളം ആയുഷ് മേഖലയിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന, എൻഎബിഎച്ച്, കായകൽപ്, ആയുഷ് കജഒട എന്നിവ മുൻനിർത്തിയുള്ള ചികിത്സാ കേന്ദ്രങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തൽ, വൈവിധ്യമാർന്ന പൊതുജനാരോഗ്യ പരിപാടികൾ, ഡിജിറ്റൽ സംരംഭങ്ങൾ എന്നിവ കേന്ദ്ര ആയുഷ് മന്ത്രിയുടെയും മറ്റ് സംസ്ഥാനങ്ങളുടെയും പ്രശംസ പിടിച്ചുപറ്റി. കേരളത്തിൽ നടപ്പിലാക്കുന്ന മികച്ച ആശയങ്ങൾ പഠന വിധേയമാക്കുവാൻ സംഘങ്ങളെ അയക്കുമെന്ന് ചടങ്ങിൽ പങ്കെടുത്ത വിവിധ സംസ്ഥാന ആയുഷ് മന്ത്രിമാരും സെക്രട്ടറിമാരും അറിയിച്ചു.ആയുഷ് കായകല്പ അവാർഡ്, ഐടി സംരംഭങ്ങൾ, എൻഎബിഎച്ച് യോഗ്യത നേടിയ 250 ആയുഷ് സ്ഥാപനങ്ങൾ, 10000 ആയുഷ് യോഗ ക്ലബ്ബുകൾ, സ്പോർട്സ് ആയുർവേദം, ദൃഷ്ടി, ജനനി തുടങ്ങിയ പദ്ധതികളും പ്രശംസക്ക് അർഹമായി.

# പ്ലസ് വൺ ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

പ്ലസ് വൺ പ്രവേശനത്തിന്റെ ആദ്യ അലോട്ടമെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ആദ്യ ലിസ്റ്റ് പ്രകാരമുള്ള വിദ്യാർത്ഥി പ്രവേശനം ജൂൺ 3 മുതൽ ജൂൺ 5 ന് വൈകിട്ട് 5 മണി വരെ നടക്കും. അലോട്ട്മെന്റ് വിവരങ്ങൾ ഹയർസെക്കണ്ടറി അഡ്മിഷൻ വെബ്സൈറ്റിൽ (https://www.hscap.kerala.gov.in/) പ്രവേശിച്ച് Candidate Login-SWS എന്നതിലൂടെ ലോഗിൻ ചെയ്ത് കാൻഡിഡേറ്റ് ലോഗിനിലെ First Allot Results എന്ന ലിങ്കിലൂടെ ലഭിക്കും. അലോട്ട്മെന്റ് ലഭിച്ചവർ കാൻഡിഡേറ്റ് ലോഗിനിലെ First Allot Results എന്ന ലിങ്കിൽ നിന്നും ലഭിക്കുന്ന അലോട്ടമെന്റ് ലെറ്ററുമായി അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ രക്ഷകർത്താവിനോടൊപ്പം മേയ് 13 ന് പ്രസിദ്ധീകരിച്ച സർക്കുലർ പ്രകാരം ആവശ്യമുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം ഹാജരാകണം. വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് ആവശ്യമുള്ള അലോട്ട്മെന്റ് ലെറ്റർ അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ നിന്നും പ്രിന്റ് എടുത്ത് അഡ്മിഷൻ സമയത്ത് നൽകുന്നതാണ്. ആദ്യ അലോട്ട്മെന്റിൽ ഒന്നാമത്തെ ഓപ്ഷൻ ലഭിക്കുന്നവർ ഫീസടച്ച് സ്ഥിരപ്രവേശനം നേടണം. പ്രവേശന സമയത്ത് അടയ്ക്കേണ്ട ഫീസ് സർട്ടിഫിക്കറ്റ് വെരിഫിക്കേഷനു ശേഷം സ്കൂളിൽ അടക്കാവുന്നതാണ്. മറ്റ് ഓപ്ഷനുകളിൽ അലോട്ടമെന്റ് ലഭിക്കുന്നവർക്ക് ഇഷ്ടാനുസരണം താൽക്കാലിക പ്രവേശനമോ സ്ഥിരപ്രവേശനമോ നേടാം. താൽക്കാലിക പ്രവേശനത്തിന് ഫീസടയ്ക്കേണ്ടതില്ല. താൽക്കാലിക പ്രവേശനം നേടുന്നവർക്ക് ആവശ്യമെങ്കിൽ തെരെഞ്ഞെടുത്ത ഏതാനും ഉയർന്ന ഓപ്ഷനുകൾ മാത്രമായി റദ്ദാക്കുകയും ചെയ്യാവുന്നതാണ്. ഇതിനുള്ള അപേക്ഷയും പ്രവേശനം നേടുന്ന സ്കൂളിലാണ് നൽകേണ്ടത്. അലോട്ട്മെന്റ് ലഭിച്ചിട്ടും താൽക്കാലിക പ്രവേശനം നേടാതിരിക്കുന്ന വിദ്യാർത്ഥികളെ തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കില്ല. ആദ്യ അലോട്ട്മെന്റിൽ ഇടം നേടാത്തവർ അടുത്ത അലോട്ട്മെന്റുകൾക്കായി കാത്തിരിക്കുക. വിദ്യാർത്ഥികൾക്ക് അപേക്ഷിച്ച ഓരോ സ്കൂളിലേയും കാറ്റഗറി തിരിച്ചുള്ള അവസാന റാങ്ക് വിവരങ്ങൾ പരിശോധിക്കാം. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളെല്ലാം നിർദ്ദിഷ്ട സമയത്ത് തന്നെ സ്കൂളുകളിൽ പ്രവേശനത്തിന് ഹാജരാകണം.ഇതുവരെ അപേക്ഷിക്കുവാൻ കഴിയാത്തവർക്ക് മൂന്നാമത്തെ അലോട്ട്മെന്റിനു ശേഷം സപ്ലിമെന്ററി അലോട്ട്മെന്റിനായി പുതിയ അപേക്ഷകൾ സമർപ്പിക്കാം. മുഖ്യഘട്ടത്തിൽ തെറ്റായ വിവരങ്ങൾ നൽകിയതുമൂലവും മറ്റും അലോട്ട്മെന്റിന് പരിഗണിക്കാത്ത അപേക്ഷകർക്കും സപ്ലിമെന്ററി ഘട്ടത്തിൽ പുതിയ അപേക്ഷകൾ സമർപ്പിക്കാം.മോഡൽ റെസിഡെൻഷ്യൽ സ്കൂളുകളിൽ പ്രവേശനത്തിന് അപേക്ഷിച്ചവരുടേയും അലോട്ട്മെന്റ് റിസൾട്ടും ഇതോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷകർക്ക് Candidate Login-MRS എന്നതിലൂടെ ലോഗിൻ ചെയ്ത് ക്യാൻഡിഡേറ്റ് ലോഗിനിലെ First Allot Result എന്ന ലിങ്കിലൂടെ റിസൾട്ട് പരിശോധിക്കാവുന്നതാണ് സ്പോർട്സ് ക്വാട്ട അലോട്ട്മെന്റ് റിസൾട്ടും ഇതിനോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അലോട്ട്മെന്റ് വിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റിലെ Candidate Login - Sports ലെ Sports Results എന്ന ലിങ്കിലൂടെ ലഭിക്കും. അഡ്മിഷൻ ജൂൺ 3 മുതൽ ജൂൺ 5 വരെ തീയതികളിൽ ആയിരിക്കും.എസ്.എസ്.എൽ.സി പുന:പരിശോധനാ റിസൾട്ട് ഉൾപ്പെടുത്തിയാണ് അലോട്ട്മെന്റ് റിസൾട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള നിർദ്ദേശങ്ങളനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ പ്രിൻസിപ്പൽമാർ പ്രവേശന നടപടികൾ പൂർത്തിയാക്കണം.

# പേവിഷ വാക്സിൻ എടുത്തിട്ടും മൂന്നു കുട്ടികൾ മരിച്ച സംഭവം: റിപ്പോർട്ട് തേടി ബാലാവകാശ കമ്മീഷൻ

പത്തനംതിട്ട: തെരുവുനായയുടെ കടിയേറ്റതുമായി ബന്ധപ്പെട്ട് പേവിഷവാക്സിൻ എടുത്തിട്ടും അടുത്തിടെ മൂന്ന് കുട്ടികൾ മരിച്ച സംഭവത്തിൽ ആരോഗ്യ വകുപ്പിനോട് റിപ്പോർട്ട് ആവശ്യപ്പെട്ട് ബാലാവകാശ കമ്മീഷൻ.

ഹൈക്കോടതി അഭിഭാഷകനും പൊതു പ്രവർത്തകനുമായ കുളത്തൂർ ജയ്സിംഗ് നൽകിയ പരാതിയിലാണ് കമ്മീഷന്റെ നടപടി. മലപ്പുറം തേഞ്ഞിപ്പലം സ്വദേശി ആറ് വയസുകാരി സിയാ ഫാരിസ്, പത്തനംതിട്ട പുല്ലാട് സ്വദേശി ഭാഗ്യലക്ഷ്മി (13) എന്നിവർ കഴിഞ്ഞ ഏപ്രിലിലും കൊല്ലം പത്തനാപുരം കുന്നിക്കോട് കിണറ്റിൻകര ജാസ്മിൻ മൻസിലിൽ നിയാ ഫൈസലിൻ (ഏഴ്) മൂന്നാഴ്ചകൾക്ക് മുമ്പും മരണമടഞ്ഞത് പേവിഷബാധയെത്തുടർന്നായിരുന്നു. മരിച്ച മൂന്ന് കുട്ടികളും നായ്ക്കളുടെ കടിയേറ്റതുമായി ബന്ധപ്പെട്ട് മൂന്നിലധികം ഡോസ് പേവിഷബാധ പ്രതിരോധ വാക്സീൻ സ്വീകരിച്ചിരുന്നു.

13ന് കമ്മീഷൻ കേസ് പരിഗണിക്കുമ്പോൾ വിശദ റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ആരോഗ്യ ഡയറക്ടർ, സംസ്ഥാന പൊതു ജനാരോഗ്യ ഓഫീസർ എന്നിവർക്ക് കമ്മീഷൻ നോട്ടീസ് അയച്ചു.

സർക്കാർ ആശുപത്രിയിൽ സൂക്ഷിക്കുന്ന പേവിഷബാധ വാക്സിനും ഇമ്യൂണോ ഗ്ലോബുലിനും മൂന്ന് വർഷം കാലാവധിയുണ്ടെങ്കിലും അവ കൃത്യമായ ഡിഗ്രി സെൽഷ്യസ് താപനിലയിൽ സൂക്ഷിക്കേണ്ടതുണ്ട്. ഇവയിലെയും പേവിഷബാധ കുത്തിവയ്പിലെയും പാളിച്ചകൾ വാക്സിനുകൾ പരാജയപ്പെടുന്നതിന്റെ കാരണങ്ങളാകുന്നുണ്ടെന്ന് പരാതിയിൽ പറയുന്നു.

# കൊടുവള്ളിയിൽ യുവാവിനെ തട്ടിക്കൊണ്ടുപോയ കേസ്; ഒരാൾ കൂടി അറസ്റ്റിൽ

കോഴിക്കോട്: കൊടുവള്ളിയിൽ യുവാവിനെ തട്ടിക്കൊണ്ടുപോയ കേസിൽ ഒരാൾ കൂടി അറസ്റ്റിൽ. കൊണ്ടോട്ടി കെഎഫ് മൻസിലിൽ മുഹമ്മദ് നിയാസ് (25) ആണ് അറസ്റ്റിലായത്. കൃത്യത്തിൽ നേരിട്ടു പങ്കെടുത്ത ആളാണ് അറസ്റ്റിലായ മുഹമ്മദ് നിയാസ്. കേരള– കർണാടക അതിർത്തിയിൽ വച്ച് ആണ് പ്രതിയെ പിടിച്ചത്. തട്ടിക്കൊണ്ടുപോയ ദിവസം അന്നൂസ് റോഷന്റെ വീട്ടിൽ ബൈക്കിൽ എത്തിയ ആളാണ് മുഹമ്മദ് നിയാസ്. അതേസമയം, സംഭവത്തിന് പിന്നിലുള്ള സംഘത്തിലെ മുഴുവൻ പേരെയും കണ്ടെത്താൻ അന്വേഷണം തുടരുകയാണ് പോലീസ്. തട്ടിക്കൊണ്ടുപോയ അന്നൂസ് റോഷനിൽ നിന്നും പൊലീസ് കൂടുതൽ വിവരങ്ങൾ തേടിയിരുന്നു. മൈസൂരിൽ നിന്നു തിരിച്ചു വരുമ്പോൾ കാറിൽ രണ്ടുപേർ കൂടെ ഉണ്ടായിരുന്നെന്നും താൻ ഉറങ്ങുന്നതിനിടെ ഇവർ കാറിൽ നിന്നും ഇറങ്ങി പോയെന്നാണ് യുവാവിന്റെ മൊഴി. കർണാടക സ്വദേശിയായ ടാക്സി ഡ്രൈവറിൽ നിന്നു വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. ഏഴ് അംഗ സംഘമാണ് വീട്ടിലെത്തി അന്നൂസിനെ തട്ടിക്കൊണ്ടു പോയത്. ഇവരെ കണ്ടെത്താനാണ് പൊലീസ് അന്വേഷണം. സംഘത്തെ സഹായിച്ച മൂന്ന് പേർ നിലവിൽ അറസ്റ്റിൽ ആയിട്ടുണ്ട്.

# ഹേമ കമ്മിറ്റി റിപ്പോർട്ട്; കേസുകൾ അവസാനിപ്പിക്കാൻ പ്രത്യേക അന്വേഷണ സംഘം

തിരുവനന്തപുരം: ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത എല്ലാ കേസുകളും അവസാനിപ്പിക്കും. കമ്മിറ്റിക്ക് മുന്നിൽ മൊഴി നൽകിയവർക്ക് കേസുമായി മുന്നോട്ടു പോകാൻ താൽപര്യമില്ലാത്ത സാഹചര്യത്തിലാണ് പ്രത്യേക അന്വേഷണ സംഘത്തിന്റെ തീരുമാനം.

ആകെ 35 കേസുകളാണ് ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിരുന്നത്. ഇതിൽ 21 കേസുകൾ അവസാനിപ്പിച്ച് പ്രത്യേക സംഘം റിപ്പോർട്ട് നൽകി. ബാക്കി കേസുകൾ ഈ മാസം അവസാനിപ്പിക്കും.

ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ ഭാഗങ്ങൾ പുറത്തുവന്നതിന് പിന്നാലെ മോശം അനുഭവങ്ങളുണ്ടായവർ പരാതിയുമായി വന്നതോടെയാണ് പ്രത്യേക സംഘത്തെ നിയോഗിച്ചത്. കമ്മിറ്റിയിൽ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ കോടതി നിർദേശപ്രകാരമാണ് 35 കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തത്. എന്നാൽ കേസുമായി മുന്നോട്ടുപോകാൻ താത്പര്യമില്ലെന്ന് ചലച്ചിത്ര പ്രവർത്തകരായ സ്ത്രീകൾ മൊഴി നൽകിയതോടെ 21 കേസുകളുടെ തുടർനടപടികൾ അവസാനിപ്പിച്ച് കോടതിക്ക് പ്രത്യേക സംഘം റിപ്പോർട്ട് നൽകി. ബാക്കി 14 കേസുകളിലും ഇതേ നിലപാടാണ് മൊഴി നൽകിയവർ ആവർത്തിച്ചത്. ഈ സാഹചര്യത്തിലാണ് കേസുകൾ അവസാനിപ്പിക്കുന്നത്.

# പൊതുവിദ്യാലയങ്ങൾ അടയ്ക്കുന്നതും കുട്ടികൾ കൊഴിഞ്ഞു പോകുന്നതും അവസാനിച്ചു: മുഖ്യമന്ത്രി

ആലപ്പുഴ: സാമൂഹിക മൂല്യങ്ങൾ കുട്ടികൾക്ക് പകർന്നു നൽകുന്ന ഇടങ്ങളാണ് പൊതു വിദ്യാലയങ്ങളെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഈ തിരിച്ചറിവ് ഇടയ്ക്ക് സമൂഹത്തിനു നഷ്ടമായി. എന്നാൽ ഒമ്പതു വർഷമായി അതിനു മാറ്റമുണ്ടായെന്നും പൊതു വിദ്യാലയങ്ങൾ അടയ്ക്കുന്നതും കുട്ടികൾ കൊഴിഞ്ഞു പോകുന്നതും അവസാനിച്ചെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സ്കൂൾ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

അറിവ് സാഫല്യത്തിൽ എത്തണമെങ്കിൽ നല്ല നിലയിലുള്ള ഔചിത്യ ബോധമുണ്ടാകണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. വിവേകം വളർത്തിയെടുക്കണം. അറിവ് അവരവരിൽ ഒതുങ്ങി നിൽക്കരുത്. സമൂഹത്തിന് ഉപകരിക്കുന്ന തരത്തിൽ അത് വിനിയോഗിക്കാൻ ഒരു മനസ് സൃഷ്ടിക്കാൻ കഴിയണം. അറിവിനെ ജീവിതവും സമൂഹവുമായി ബന്ധിക്കണം. ജീവിതത്തിൽ അറിവ് പ്രയോഗിക്കാൻ കഴിയുന്നവരായി കുട്ടികളെ വളർത്തണമെന്നും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനത്തിന്റെ മതനിരപേക്ഷതാ ബോധത്തിന് വിദ്യാലയങ്ങൾ വഹിച്ച പങ്ക് വലുതാണ്. പരസ്പര സ്നേഹത്തിന്റെയും സഹകരണത്തിന്റെയും കേന്ദ്രങ്ങളാക്കി സ്കൂളിനെ മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കണം. അതിൽ വിദ്യാർഥികൾക്കും പങ്കുവഹിക്കാനാകണമെന്നും പിണറായി വിജയൻ കൂട്ടിച്ചേർത്തു.

# കൈക്കൂലി കേസ്: ഇഡി അസിസ്റ്റൻറ് ഡയറക്ടറുടെ അറസ്റ്റ് തടഞ്ഞ് ഹൈക്കോടതി

കൊച്ചി: കേസ് ഒതുക്കാൻ ഇടനിലക്കാരൻ മുഖേന രണ്ടുകോടി രൂപ കൈക്കൂലി ആവശ്യപ്പെട്ടുവെന്ന് ആരോപിച്ചുള്ള വിജിലൻസ് കേസിൽ പ്രതിയായ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് (ഇഡി) അസിസ്റ്റൻറ് ഡയറക്ടർ ശേഖർകുമാറിന്റെ അറസ്റ്റ് തടഞ്ഞ് ഹൈക്കോടതി. ശേഖർ കുമാറിന്റെ മുൻകൂർ ജാമ്യാപേക്ഷയിൽ വിജിലൻസിന് കോടതി നോട്ടീസയച്ചു. പത്ത് ദിവസത്തിനകം മറുപടി നൽകാനും വിജിലൻസിന് ജസ്റ്റീസ് പി. ജി. അജിത് കുമാർ അധ്യക്ഷനായ സിംഗിൾ ബെഞ്ച് നിർദേശം നല്കി. കേസിൽ നിന്ന് ഒഴിവാക്കാൻ ഇഡി ഉദ്യോഗസ്ഥർ രണ്ട് കോടി രൂപ കൈക്കൂലി ആവശ്യപ്പെട്ടു എന്നാണ് കൊട്ടാരക്കരയിലെ കശുവണ്ടി വ്യവസായി അനീഷ് ബാബുവിന്റെ പരാതി. കേസിൽ ശേഖർ കുമാർ ഒന്നാം പ്രതിയാണ്. താൻ നിരപരാധിയാണെന്നും ഗൂഢോദ്ദേശ്യത്തോടെ കേസിൽ കുടുക്കാനുള്ള ശ്രമമാണെന്നും ശേഖർ കുമാർ ഹർജിയിൽ ആരോപിക്കുന്നു. പരാതിക്കാരനായ അനീഷ് ബാബു ഇഡി കേസിൽനിന്ന് രക്ഷപ്പെടാനാണ് ആരോപണങ്ങൾ ഉന്നയിക്കുന്നതെന്നും ഹർജിയിൽ പറയുന്നു. മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി ഈ മാസം 11ന് വീണ്ടും പരിഗണിക്കും.

# സിപിഎം കേന്ദ്രകമ്മിറ്റി; മുഖ്യമന്ത്രി ഇന്ന് ഡൽഹിയിലെത്തും

ന്യൂഡൽഹി: സിപിഎം കേന്ദ്രകമ്മിറ്റി യോഗത്തിൽ പങ്കെടുക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വൈകുന്നേരം ഡൽഹിയിലെത്തും. ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിലായിട്ടാണ് കേന്ദ്രകമ്മറ്റി ചേരുക.

പിബി അംഗങ്ങളുടേയും, കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സിസി അംഗങ്ങളുടെയും ചുമതലകൾ യോഗത്തിൽ തീരുമാനിക്കും. പഹൽഗാം ഭീകരാക്രമണത്തിനും, ഓപ്പറേഷൻ സിന്ദൂറിനും ശേഷമുള്ള രാഷ്ട്രീയ സാഹചര്യവും നിലമ്പൂർ ഉപതെരഞ്ഞെടുപ്പും യോഗത്തിൽ ചർച്ചയാകും.

എം. എ. ബേബി ജനറൽ സെക്രട്ടറിയായി ചുമതലയേറ്റതിന് ശേഷം നടക്കുന്ന ആദ്യ കേന്ദ്ര കമ്മിറ്റി യോഗമാണ് ചൊവ്വാഴ്ച തുടങ്ങുന്നത്.

# ആറളം പുനരധിവാസ മേഖലയിൽ വീണ്ടും കാട്ടാനയിറങ്ങി; അടുക്കള ഷെഡ് തകർത്തു

ഇരിട്ടി: ആറളം ഫാം പുനരധിവാസ മേഖലയിൽ വീണ്ടും കാട്ടാനയാക്രമണം. ബ്ലോക്ക് ഒന്പതിലെ ജനവാസ കേന്ദ്രത്തിലെത്തിയ കാട്ടാന വീടിന്റെ അടുക്കള ഷെഡ് തകർത്തു.

ഇന്നു പുലർച്ചെ 12.30 ഓടെയായിരുന്നു കൊന്പനാനയുടെ ആക്രമണം. വളയംചാലിലെ രാജൻ-ബിന്ദു ദമ്പതികളുടെ വീടിന്റെ അടുക്കള ഷെഡാണ് തകർത്തത്. വീടിന്റെ പിന്നിലെ പ്ലാവിൽ നിന്നു ചക്ക വീഴുന്ന ശബ്ദം കേട്ട് ഫാമിലെ സെക്യൂരിറ്റി ജീവനക്കാരൻ കൂടിയായ രാജനും മകനും പുറത്തിറങ്ങി നോക്കിയപ്പോൾ കൊന്പൻ ഇവർക്കു നേരെ പാഞ്ഞടുക്കുകയായിരുന്നു.

രണ്ടു പേരും അടുക്കള ഷെഡ് വഴി ഓടി വീടിനകത്തേക്ക് കടന്നു. പിന്തുടർന്നെത്തിയ കാട്ടാന ഷെഡ് തകർത്ത് കലിതീർക്കുകയായിരുന്നു. വീട്ടിൽ രാജന്റെ പേരക്കുട്ടികളക്കം മൂന്നു കുട്ടികൾ ഉൾപ്പടെ എട്ടുപേരായിരുന്നു ഉണ്ടായിരുന്നത്. ഷെഡ് തകർത്തിട്ടും പിൻമാറാതെ നിന്ന കാട്ടാനയെ രാജനും മകനുമടക്കം പടക്കം പൊട്ടിച്ചെറിഞ്ഞാണ് തുരത്തിയത്. അപ്പോഴേക്കും വിവരമറിഞ്ഞ് ആർആർടി സംഘവും സ്ഥലത്തെത്തി. അടുക്കളയിൽ ഉപയോഗിക്കുന്ന പാത്രങ്ങൾ ഉൾപ്പടെ കാട്ടാന തകർത്തതായി ബിന്ദു പറഞ്ഞു.

# നിയമസഭാ തെരഞ്ഞെടുപ്പ്; ഡിഎംകെയിൽ സുപ്രധാന മാറ്റങ്ങൾക്ക് സാധ്യത

ചെന്നൈ: നിയമസഭാ തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് ഡിഎംകെയിൽ സമഗ്ര അഴിച്ചു പണിവരുന്നു. ഇതിനായി പാർട്ടിയുടെ ജനറൽ കൗൺസിൽ യോഗം ചേരും. ഉപമുഖ്യമന്ത്രി ഉദയനിധി സ്റ്റാലിൻ അടക്കം രണ്ട് പേരെ പുതുതായി പാർട്ടി ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ആക്കുമെന്ന് സൂചനയുണ്ട്.

വിവിധ മേഖലകൾ തിരിച്ച് നേതാക്കൾക്ക് തെരഞ്ഞെടുപ്പ് ചുമതല നൽകും. 6500 ഓളം പ്രതിനിധികൾ പങ്കെടുക്കുന്ന യോഗത്തിന് ശേഷം വമ്പൻ പൊതുസമ്മേളനവും ചേരുന്നുണ്ട്. യോഗത്തിനായി മധുരയിൽ എത്തിയ സ്റ്റാലിൻ സഹോദരൻ എം. കെ. അഴഗിരിയുടെ വീട്ടിലെത്തി അത്താഴ വിരുന്നിൽ പങ്കെടുത്തു.

2011 ന് ശേഷം ആദ്യമായി ചെന്നൈക്ക് പുറത്ത് നടക്കുന്ന ഡിഎംകെ നേതൃയോഗത്തിൽ തുടർ ഭരണം ലക്ഷ്യമിട്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്യും.

# പുതിയ മുന്നണിയുമായി അൻവർ; തൃണമൂൽ പിന്തുണയ്ക്കും

മലപ്പുറം: പുതിയ മുന്നണിയുമായി പി. വി. അൻവർ. നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ അൻവർ മത്സരിക്കുക ജനകീയ പ്രതിപക്ഷ പ്രതിരോധ മുന്നണിയുടെ ബാനറിലായിരിക്കും. തൃണമൂൽ കോൺഗ്രസിന്റെ പിന്തുണയോടെയാണ് മുന്നണി. ആംആദ്മി പാർട്ടിയും മുന്നണിയുടെ ഭാഗമായേക്കും.

നിലന്പൂരിലെ വിവിധ സംഘടനകളുടെ ആവശ്യപ്രകാരമാണ് നടപടിയെന്ന് അൻവർ പ്രതികരിച്ചു. എൽഡിഎഫ്, യുഡിഎഫ് മുന്നണികൾക്കെതിരെ ഭീഷണിയുമായാണ് അൻവർ രംഗത്തെത്തിയത്. ഇരുമുന്നികളിലെയും നേതാക്കൾ കാട്ടിക്കൂട്ടിയ പലതിന്റെയും തെളിവുകൾ തന്റെ കൈവശമുണ്ട്. വേണ്ടി വന്നാൽ നിലമ്പൂർ അങ്ങാടിയിൽ ടിവി വച്ച് അത് കാണിക്കുമെന്നും അൻവർ ഭീഷണി മുഴക്കി. മന്ത്രി മുഹമ്മദ് റിയാസിനും പ്രതിപക്ഷ നേതാവ് വി. ഡി. സതീശനും നിലമ്പൂരിലെ യുഡിഎഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്തിനുമെതിരേ തെളിവുണ്ടെന്ന് അൻവർ അവകാശപ്പെട്ടു. നവകേരളാ സദസിന്റെ പേരിൽ മുഹമ്മദ് റിയാസ് കോടികൾ തട്ടി. കേരളത്തിലെ കോൺട്രാക്ടർമാരിൽനിന്ന് കോടിക്കണക്കിന് രൂപ റിയാസ് ബലമായി പിരിച്ചെടുത്തെന്നും ഇതിന്റെ തെളിവുകൾ പുറത്തുവിടുമെന്നും അൻവർ പറഞ്ഞു. തനിക്കെതിരെ എതിരാളികൾ വ്യക്തിഹത്യ നടത്തുകയാണെന്നും അതിനെ പ്രതിരോധിക്കുമെന്നും അൻവർ പറഞ്ഞു. ഉപതിരഞ്ഞെടുപ്പിൽ തൃണമൂൽ ചിഹ്നത്തിലോ സ്വതന്ത്ര ചിഹ്നത്തിലോ മത്സരിക്കുമെന്നും അൻവർ കൂട്ടിച്ചേർത്തു.

# നോർവെ ചെസ്സ് 2025; കാൾസനെ വീഴ്ത്തി ഇന്ത്യയുടെ ഗുകേഷ്

നോർവെ: നോർവെ ചെസ്സിൽ ആറാം റൗണ്ടിൽ മാഗ്നസ് കാൾസനെ വീഴ്ത്തി ഇന്ത്യൻ താരം ഡി ഗുകേഷ്. ക്ലാസിക്കൽ ഫോർമാറ്റിൽ കാൾസനെ ഇതാദ്യമായാണ് ഗുകേഷ് തോൽപ്പിക്കുന്നത്.

തോൽവിക്ക് ശേഷം വളരെ ക്ഷോഭത്തോടെയാണ് മുൻ ലോക ചാമ്പ്യൻ കൂടിയായ കാൾസൻ പ്രതികരിച്ചത്. മേശയിൽ ആഞ്ഞടിച്ചതിന് ശേഷമാണ് കാൾസൻ വേദി വിട്ടത്.

# വയനാട്ടിൽ കാട്ടാന ആക്രമണം; വയോധികന് ഗുരുതര പരിക്ക്

വയനാട്: പൊഴുതന മേൽമുറിയിൽ കാട്ടാന ആക്രമണത്തിൽ വയോധികന് പരിക്ക്. മേൽമുറി സ്വദേശി മോനി മടമനയ്ക്ക് (68) ആണ് പരിക്കേറ്റത്. കാലുകൾക്ക് ഗുരുതരമായി പരിക്കേറ്റ ഇയാൾ സമീപത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്.

ഇന്ന് രാവിലെയാണ് സംഭവം. ആനയെ കണ്ട് ഓടുന്നതിനിടെ വീണ ഇയാളെ ആന ആക്രമിക്കുകയായിരുന്നു.

# താമരശേരിയിൽ കാറും സ്കൂട്ടറും കൂട്ടിയിടിച്ച് അപകടം; ബൈക്ക് യാത്രികൻ മരിച്ചു

താമരശേരി: കൈതപ്പൊയിലിൽ കാറും സ്കൂട്ടറും കൂട്ടിയിടിച്ച് ബൈക്ക് യാത്രികൻ മരിച്ചു. താമരശേരി കന്നൂട്ടിപ്പാറ പെരിങ്ങോട് മാനു എന്ന കൃഷ്ണൻകുട്ടി (55) ആണ് മരിച്ചത്. നിർമാണ തൊഴിലാളിയായ ഇയാൾ ബൈക്കിൽ സുഹൃത്തിനൊപ്പം വയനാട്ടിലേക്ക് ജോലിക്ക് പോകുമ്പോഴാണ് അപകടം. ഒപ്പമുണ്ടായിരുന്ന മുഹമ്മദലിയെ പരിക്കുകളോടെ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്ന് രാവിലെ കൈതപ്പൊയിൽ ദിവ്യ സ്റ്റേഡിയത്തിന് മുൻവശത്താണ് അപകടം. കാറിൽ തട്ടി നിയന്ത്രണം തെറ്റിയ സ്കൂട്ടർ കൊക്കയിലേക്ക് പതിക്കുകയായിരുന്നു.